“ഉദ്ധരേദാത്മനാത്മാനം”

Reg. No. T. 26 License: No. 363. Dated 14-8-1937

# നവജീവൻ

വരിസംഖ്യ { അഞ്ചലിൽ 3 രൂ. 6 ണ. / തപാലിൽ 4 രൂ. 8 ണ. } പ്രതിപക്ഷപത്രിക ഏജൻറന്മാർക്ക് പ്രത്യേക നിരക്ക്

പരസ്യങ്ങൾക്ക് മിതമായ നിരക്ക്

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

Vol. 25 | ശിവഗിരി, വർക്കല: Trav, May 12th: 1945: ൧൧൨൦ മേടം ൩൦-ാംനു ശനിയാഴ്ച | No. 13

## അഹിംസാസിദ്ധാന്തം.

[വക്കം, എം. ശ്രീരംഗനാഥൻ]

ശാസ്ത്രം അനുദിനം അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടമാണിതു്. ശാസ്ത്രത്തിനുളവായ ഉൽക്കർഷം കൊണ്ടു ഭൂമുഖത്തു് ഇന്നു പൊന്തിക്കാണുന്ന അസമാധാനത്തിനു ഹേതു എന്താണു്? അഹിംസാസിദ്ധാന്തം വിസ്മൃതിയിലാണ്ടുപോയി. അതു തത്വത്തിന്റെ ഉൺമയിൽ തികച്ചും അജ്ഞരാവാൻ ആരംഭിച്ച നാം അതിനെ ത്യാജ്യകോടിയിൽ തള്ളി. തൽഫലമായി ഇവിടെ ഉടലെടുത്ത അനർത്ഥങ്ങളുടെ അലകൾ ഭൂഗോളത്തിന്റെ ഏതൊരു കോണിലും ചെന്നടിക്കുന്നുണ്ടു്. ഇവയുടെ പരിഹാരത്തിനു നിദാനമായ 'അഹിംസ'എന്ന മഹനീയസിദ്ധാന്തഗ്രന്ഥത്തിലെ ചില പുറങ്ങൾ മറിക്കുവാൻ ശ്രമിക്കുന്നതു് ഈ പരീക്ഷണ കാലഘട്ടത്തിൽ അനൗചിത്യമായിരിക്കുകയില്ലല്ലോ.

ഹിംസ കൂടാത്ത പ്രവൃത്തിയാണു അഹിംസ. അതിനു രണ്ടു രൂപങ്ങൾ ഉണ്ടു്; അന്യർക്കും ഉപദ്രവം തട്ടാത്ത പ്രവൃത്തി. ഏവർക്കും സന്തോഷമുണ്ടാക്കുന്ന പ്രവൃത്തി. ഒരു പ്രവൃത്തി ചെയ്യുന്നതു് ഒരേ പ്രകാരത്തിലല്ല; പല നിലകളിലാണു്. മനസാ, വാചാ, കർമ്മണാ എന്നു വേണമെങ്കിൽ പറയാം. ഈ മൂന്നു ഇനങ്ങളിലും മനസ്സിലാക്കുന്നതു് അഹിംസാസിദ്ധാന്തപാലനത്തെ സുഗമമാക്കുന്നു.

മാനസികഹിംസയാണു് ആദ്യത്തേതു്. അതു വളരെ വിഷമമായിട്ടുള്ളതാണു്.

“ആത്മമനസ്സമാനത്വംഭവിക്ക(യാൽ
ആത്മനസ്സൽകൃതബന്ധം ഭവിക്കുന്നു.”

അതാണു് കാമക്രോധലോഭാദി ദോഷങ്ങളെക്കൊണ്ടു കലുഷമായ മനസ്സിന്റെ പ്രഭാവത്തിൽ മനുഷ്യൻ വികാരാവേശത്തിനു അധീനനാകുന്നതു്. പരനു് ഉപദ്രവമായിട്ടെന്തെങ്കിലും സങ്കല്പിച്ചാലുംമതി, അതു് ഹിംസയാകും. മാനസികമായ ഹിംസ കൂടാതെ ലൗകികജനങ്ങൾക്കു ഇഹത്തിൽ വസിക്കുവാൻ അസാദ്ധ്യമത്രേ. മനസ്സുകൊണ്ടു പരദ്രോഹം ചെയ്യാത്തവർ വിരളമാകുന്നു. അതിനു അസൂയയുമായി അഭേദ്യമായ ബന്ധമുണ്ടു്. അസൂയ എന്ന ആ കീടത്തിനു മിക്ക മനുഷ്യഹൃദയത്തെയും തുളച്ചുകയറുന്നതിനുള്ള പര്യാപ്തതയുണ്ടു്. അതിനെ ഉന്മൂലനാശം ചെയ്യേണ്ട കാലം അതിക്രമിച്ചിട്ടുണ്ടു്. അഹിംസാസിദ്ധാന്തത്തിന്റെ മൗലികമായലക്ഷ്യം അതുതന്നെ.

വാക്കുകൾവഴി ഹിംസ ചെയ്യുന്നവരും കുറവല്ല. ക്ഷോഭത്തിനു വശംവദരായി ആരാണു് പരപീഡനം കൈക്കൊള്ളാത്തതു്. അകാരണമായും അനാവശ്യമായും പരഹിംസ ചെയ്യുന്നവരുള്ള എത്ര എത്ര “ഏഷണിക്കോമരങ്ങ”ളെയാണു് നാം നമ്മുടെ ജീവിതസരണിയിൽ കണ്ടു് ബുദ്ധിമുട്ടാറുള്ളതു്. ഇക്കൂട്ടരുടെ ഈ വിനോദരീതി കേവലം അനാശാസ്യവും അന്തസ്സാരവിഹീനവും ആണെന്നു പറയാതിരിപ്പാൻ നിർവ്വാഹമില്ല. സർവ്വമതസിദ്ധാന്തമായ 'അഹിംസ'യെ ആദരിക്കുന്നതിൽ ഇക്കൂട്ടർക്കുള്ള അനാസ്ഥയാണു് ഇന്നത്തെ ദുരിതത്തിനു ഹേതു. കോപം, ശകാരം മുതലായവ ഈ വിഭാഗത്തിന്റെ ഘടകങ്ങളാണു്.

മൂന്നാമത്തേതു് ശരീരംകൊണ്ടുള്ള ഹിംസയാണല്ലോ. അടിപിടി, യുദ്ധം, കൊല ഇത്യാദി ഈ മൂന്നാംതരത്തിൽ ഉൾക്കൊള്ളുന്നു. വളരെ പ്രാധാന്യമർഹിക്കുന്നതാണു് ഇതു്. നിത്യശാന്തിയാണു് ഈ ഹിംസയെ പരിഹരിക്കുന്നതുകൊണ്ടുണ്ടാകാവുന്ന ഫലം. ബുദ്ധൻ, ജിനൻ മുതലായ മഹാത്യാഗിവര്യന്മാർ ഉപദേശിച്ചിട്ടുള്ളതും ഈ 'അഹിംസ'യെ കുറിച്ചാണു്. ശരീരംകൊണ്ടുള്ള ഹിംസ ചെയ്യാത്തവരും ചുരുക്കം.

ഇത്യാദി ഹിംസകൾ വർജ്ജിച്ചു ജീവിക്കുക എന്നതാണു് അഹിംസാസിദ്ധാന്തത്തിലെ മൂലതത്വം. എല്ലാവർക്കും സന്തോഷകരമായിട്ടുള്ള മാറ്റങ്ങൾ ആരായുന്നതും, അസന്തുഷ്ടിക്കും അസമാധാനത്തിനും മററും പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതും മാനസികമായ അഹിംസയായിരിക്കും.

സർവ്വസുഖപ്രദമായ ഉപദേശങ്ങൾ, സാന്ത്വനവചനങ്ങൾ, ധർമ്മോപദേശങ്ങൾ ഇവയെല്ലാം വാക്കുകളിലൂടെയുണ്ടാകാവുന്ന അഹിംസ എന്നു പറയാവുന്നതാണു്.

അടുത്തതു് ശാരീരികാഹിംസകളാണു്. ദുഃഖനിവർത്തിയുണ്ടാക്കിക്കൊടുക്കുക അതിനു ഉദാഹരണമായിരിക്കും. അതായതു് വിശന്നു വരുന്ന ഒരുവനു് ചോറു കൊടുത്താൽ അതു് ഉത്തമമായ ഒരു ഉദാഹരണമായി സ്വീകരിക്കാം.

# സ്ഥൂലശരീരം.

S. N. T.

ശരീരം; സ്ഥൂലം സൂക്ഷ്മം കാരണം എന്നു മൂന്നുവിധമുണ്ടു്. ഇതിൽ സ്ഥൂലശരീരത്തെപ്പറ്റി ഇപ്പോൾ പ്രതിപാദിക്കാം. പഞ്ചീകൃത പഞ്ചമഹാഭൂതങ്ങളാൽ ഉണ്ടാക്കപ്പെട്ടതും കർമ്മത്താൽ സംജാതമായതും ദുഃഖത്തിനും സുഖത്തിനും കാരണമായതും ജനിക്കുക, ഇരിക്കുക, വളരുക, പരിണമിക്കുക, ക്ഷയിക്കുക; നശിക്കുക എന്നീ ആറു വികാരങ്ങളോടുകൂടിയതുമാണ് സ്ഥൂലശരീരം. പൃഥ്വി, അപ്പു്, തേയു, വായു, ആകാശം എന്നിവകൾ പഞ്ചമഹാഭൂതങ്ങളാണ്. അസ്ഥി പൃഥ്വിയാംശവും, രക്തം കഫം മൂത്രലായവ അപ്പിന്റെഅംശവും ജഠരാഗ്നി തേയാംശവും, ശ്വാസോച്ഛ്വാസം വായ്വാംശവും, നാദഗ്രഹണകാരണമായവ ആകാശാംശവും ആകുന്നു. സ്ഥൂലശരീരത്തിൽ സ്ഥിതനായ മനസ്സിനു സാത്വികം, രാജസം, താമസം എന്നീ ഗുണങ്ങളും, ശരീരത്തിനു വാതം, പിത്തം, ശ്ലേഷ്മം എന്നുള്ള ഭേദങ്ങളുമുണ്ടു്.

"പഞ്ചീകൃതപഞ്ചമഹാഭൂതൈഃകൃതം സൽകർമ്മജന്യം സുഖദുഃഖാദിഭോഗായതനം ശരീരം ജായതെ അസ്തിവർദ്ധതേ വിപരിണമതെ അപക്ഷീയതെ വിനശ്യതീതി ഷഡ്വികാരമേദതൽ സ്ഥൂലശരീരം" എന്നാണു സ്ഥൂലശരീരത്തെപ്പറ്റിയുള്ള സിദ്ധാന്തം. സ്ഥൂലശരീരം പഞ്ചഭൂതസഞ്ചയമാണെന്നുള്ളതു അവിതർക്കിതമാണല്ലൊ. അതു സർവ്വസമ്മതവുമാണ്. സ്ഥൂലശരീരം കർമ്മത്താൽ സംജാതവും കർമ്മവാസനാമയവുമാകുന്നു. മേൽ വിവരിച്ച ഷഡ്വികാരങ്ങൾ സ്ഥൂലശരീരത്തിന്റെ സ്വഭാവമാണെന്നു വ്യക്തമായി. സ്ഥൂലശരീരംരോഗാദികളുടെ ഭാജനവുമാകുന്നു. സ്ഥൂലശരീരം നിത്യമെന്നു കരുതി ശരീരാഭിമാനിയായ മനസ്സ് ദുഃഖത്തെ സംപാദിക്കുന്നു. കാനൽജലം കാംക്ഷിച്ചു ഓടുന്ന മാൻകൂട്ടങ്ങളെപ്പോലെയാണ് മനസ്സ് ക്ഷണികങ്ങളായ സുഖദുഃഖങ്ങളിൽ ഭ്രമിച്ചോടുന്നതു്. മനസ്സിന്റെ ഈ വ്യാമോഹം വെറും ഭൗതികസുഖത്തിനുവേണ്ടിമാത്രം. സ്ഥൂലശരീരത്തിനു ശൈശവം, ബാല്യം യൗവനം വാർദ്ധക്യം എന്നീ സ്ഥിതിഭേദങ്ങളുണ്ടു്. മനസ്സ് ദുഃഖസഞ്ചയമായ സംസാരസമുദ്രത്തിന്റെ അലകളിൽപെട്ടുലയുന്നതു ഭൂരിഭാഗവും യൗവനകാലത്താണ്. ഈ കാലം മനസ്സിനെ ബുദ്ധിപൂർവ്വം നയിക്കേണ്ടതാകുന്നു. മനുഷ്യനു തത്വബോധത്തിന്റെ ആവശ്യം ഈ കാലഘട്ടത്തിലാകുന്നു. ഏറ്റവും ബുദ്ധിപൂർവ്വം കഴിയേണ്ടകാലവും ഈ ഘട്ടത്തിലാകുന്നു. ശരീരകാരണം എന്താണെന്നും ശരീരാന്തർലീനമായ ചൈതന്യമെന്താണെന്നും നമുക്കിതിൽ വല്ല സംബന്ധവും കർത്തവ്യവുമുണ്ടോ എന്നും ഉണ്ടെങ്കിൽ നാം എന്താണ് ചെയ്യേണ്ടതെന്നും ആലോചിക്കേണ്ടതും പ്രവൃത്തിക്കേണ്ടതും യൗവനകാലത്താകുന്നു. ശൈശവകാലത്തും വിദ്യാഭ്യാസഘട്ടമായ ബാല്യത്തിലും ജരാനരകളേറ്റു രക്തവും ശക്തിയും ബുദ്ധിയും നശിച്ചു രോഗാതുരമായിരിക്കുന്ന വാർദ്ധക്യത്തിലും അല്ല അതു നിർവ്വഹിക്കേണ്ടതു്.

"അവികലമലമൂത്രമാംസപിണ്ഡം
ഭവിബഹുദുർഘടദുഃഖദുഷ്ടപാത്രം
ഇദമവനിപതെ നരന്റെഗാത്രം
വദവദവഞ്ചിതമത്രനിഷ്ഫലംതേ"

എന്നാണ് സ്ഥൂലശരീരത്തെപ്പറ്റിയുള്ള വിദ്വരുടെഅഭിമതം.

"വെന്തുവെണ്ണീറായിപ്പുകഞ്ഞു പോയിടിലാം മണ്ണിനുകീഴായ് ക്രിമികളായ്പ്പോകിലാം............നന്നല്ല ദേഹംമൂലം മഹാമോഹം"

എന്നാണ് അദ്ധ്യാത്മരാമായണകർത്താവും പാടിയിരിക്കുന്നതു്.

"കായമേയിതുപൊയ്യുടൽ
കാററടൈന്തപൊയ്യ്ടാ
മായനാർകുയവൻചെയ്ത
മണ്ണുപാണ്ടം ഓടടാ" എന്നും
'നീർക്കുമിളൈപ്പോലിന്തകായം
അരനിമിഷത്തിലേവരുമപായം'

എന്നും സ്ഥൂലശരീരത്തെപ്പറ്റി സിദ്ധർകളും പാടിയിട്ടുണ്ടു്.

---

മഹത്വമേറിയതാണ് അഹിംസാസിദ്ധാന്തം. അതിന്റെ സിദ്ധികൊണ്ടു ശാന്തത സമാർജ്ജിക്കാവുന്നതാണ്. അതു അത്ര സുകരമല്ലന്നേയുള്ളു. മഹായോഗീശ്വരന്മാർക്കുപോലും അഹിംസാസിദ്ധി പരിപൂർണ്ണതയിലെത്തിക്കുവാൻ സാധിച്ചിട്ടില്ല.

ഹിംസയെ ഭൂമുഖത്തുനിന്നും ഉച്ചാടനംചെയ്യുവാൻ പ്രകൃതിതന്നെ പ്രതികൂലിക്കുന്നതായിട്ടാണു പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. സകല ചരാചരങ്ങളും പരസ്പരം ഹിംസിച്ചുകൊണ്ടേയിരിക്കുന്നുവെന്നു തെളിയുന്നുണ്ടു്. ഒരു പ്രാണി അന്യപ്രാണിയെ ഭക്ഷിച്ചു ജീവസന്ധാരണംചെയ്യുന്നുവെന്നു പ്രകൃതിപാഠത്തിൽനിന്നു് പഠിക്കാം. മാംസഭുക്കുകളാണ് മനുഷ്യലോകത്തിന്റെ സിംഹഭാഗം. അണുപ്രായപ്രാണികളാൽ സംഘടിതമായ സാധനങ്ങളുടെ സമൂഹമാണ് പ്രകൃതിയിൽ കാണാവുന്നതു്. ആ പ്രകൃതിയിലെ ഘടകങ്ങളുടെ നിലനിൽപിനു പരസ്പരമുള്ള ഹിംസ അനിവാര്യമാണെന്നു കാണാം. ഒന്നിന്റെ ജീവിതം മറ്റൊന്നിന്റെ മരണത്തിനു കാരണമാകുന്നു. അതായതു് ഒന്നിനെ ഹിംസിക്കാതെ വേറൊന്നിനു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള പ്രകൃതിനിയമത്തിൽ മുറുകെ പിടിച്ചുകൊണ്ടു അഹിംസാസിദ്ധാന്തത്തിന്റെ മാഹാത്മ്യത്തിൽ ചോദ്യംചെയ്യുന്നവരുണ്ടു്. അവരോടു ഇത്രമാത്രമേ പറയുവാനുള്ളു. ഹിംസ ചിലപ്പോൾ അനപേക്ഷണിയമായിരിക്കും. ഒഴിച്ചുകൂടാൻ പ്രയാസമുള്ള ഹിംസ കഴിച്ചാൽ 'അഹിംസ' പരിപാലിക്കുവാൻ സാധിക്കും എന്നുമാത്രമേ അഹിംസാസിദ്ധാന്തംകൊണ്ടു അർത്ഥമാക്കുന്നുള്ളു. "അഹിംസാപരമോധർമ്മ:" എന്ന ബുദ്ധമതസിദ്ധാന്തിലെ 'അഹിംസ'യും ഉൾക്കൊള്ളുന്നതു ഇതുതന്നെ.

# സന്ദേശനിർവചനം.

(കെ. വി. എൻ ഇക്കരം, തലശ്ശേരി)

## ദൈവവാക്യം.

(തുടർച്ച)

മൃതിൻ കട്ടി കളിപ്പാട്ടങ്ങൾ എടുത്തു യഥേഷ്ടം വിഹരിക്കുന്ന ഈ കണ്ണെ ഇളയകുട്ടി! അതിനാവേണ്ടി സോൽകണ്ഠം കരയുകയായി. അതു നോക്കി നില്ക്കുന്ന മാതാവാകട്ടെ! "അതവനെടുത്തു കൊള്ളട്ടെ— എന്റെ മകനു നല്ലതിതാ" എന്നും പറഞ്ഞു വേറെയൊരു കളിപ്പാട്ടം കൊടുക്കുന്നു. ഇതുപോലെതന്നെയാണ് സ്വാമികൾ അവർക്കു ക്ഷേത്രപ്രതിഷ്ഠ ചെയ്തുകൊടുത്തതും, കളിപ്പാട്ടങ്ങളിൽ കുട്ടികൾക്കുള്ള തൃഷ്ണ ചിരസ്ഥായിയായിരിക്കുകയില്ലല്ലോ. കുറച്ചു കളിച്ചാൽ അവരതിനെ അപഗ്രഥിച്ചു പരിശോധിക്കുകയായി. അപ്രകാരം ക്ഷേത്രം ധനത്തിന്റെ കേന്ദ്രമായും പ്രയത്നംകൂടാതെ സുഖജീവിതം നയിക്കുന്നതിനുള്ള ഒരു ഉപകരണമായും കരുതിയിരുന്ന സവർണ്ണഹിന്ദുക്കളുടെ നിരാകരണത്തിൽനിന്നുണ്ടായ വല്ലായ്മയെ പരിഹരിക്കുവാൻ വേണ്ടി നിർമ്മിച്ചുകൊടുത്ത ക്ഷേത്രങ്ങൾ ആ വല്ലായ്മതീർന്ന് സന്മാർഗ്ഗബോധമുണ്ടായാൽ അവരാൽതന്നെ അവ പരിത്യജിക്കപ്പെടുമെന്നു, ആ മഹാൻ അന്നുതന്നെ ദീർഘദർശനം ചെയ്തിരുന്നുവെന്നുള്ളതിനു 'തിരുവചനങ്ങൾ'തന്നെ സാക്ഷ്യങ്ങളാണ്.

ശാസ്ത്രീയവിധികൾക്കു ഉൽസർഗ്ഗാപവാദങ്ങൾ ഉള്ളതുപോലെ തദനുസാരമായ കർമ്മങ്ങൾക്കും ഉൽസർഗ്ഗവും അപവാദവുമുണ്ട്. ഉൽസർഗ്ഗവിധികൾ സർവ്വസാമാന്യവും അപവാദവിധികൾ പ്രത്യേക പശ്ചാത്പരവുമായിരിക്കും, "നഹിംസ്യാൽ സർവ്വഭൂതാനി" എന്നു വേദം ശാസിക്കുമ്പോൾ "അഗ്നീഷോമീയം പശുമാലഭേത" എന്നു കർമ്മകാണ്ഡീയമായ അദ്ധ്വരമീമാംസ ആവശ്യപ്പെടുന്നു. ഒരു ജീവിയേയും ഹിംസിക്കരുതെന്നാണ് വേദം അരുളുന്നത്. എന്നാൽ വേദത്തെ അനുപദം അനുസരിക്കുന്ന മീമാംസ ഗോവധത്തിനാണാജ്ഞാപിക്കുന്നത്. യാഗത്തിൽ പശുവിനെ വധിക്കുന്നതു ഹിംസയാകുമ്പോൾ ഹിംസ പാടില്ലെന്നു വേദവാക്യം അതിനെ അപവദിക്കുന്നു, ഈശപ്രീത്യർത്ഥം ചെയ്യപ്പെടുന്ന യാഗത്തിനുമാത്രം പശുഹിംസ കൊള്ളാമെന്നുമാത്രമെ അതിന്നർത്ഥമുള്ളു. മാംസാവശ്യത്തിനു പാടില്ലതാനും. അപ്പോൾ സാർവ്വത്രികമായി ഹിംസ നിഷിദ്ധമാണെന്നു പറയുന്ന വേദവിധി സാമാന്യവിധിയും, യാഗത്തിനുമാത്രം ആവാമെന്നു ശാസിക്കുന്ന മീമാംസകവിധി വിശേഷവിധിയുമാകുന്നു. വിശേഷവിധി സാമാന്യവിധിയെ അപേക്ഷിച്ചു ബലഹീനമാണെന്നു ഇതിനാൽ തെളിയുമല്ലോ. സാമാന്യവിശേഷങ്ങൾ പ്രായേണ സകല ശാസ്ത്രങ്ങളിലുംകാണാം, "മദ്യവിക്രയസംധാനദാനാദാനാനി നാചരേൽ" എന്നു വൈദ്യശാസ്ത്രം വിധിക്കുന്നു. എന്നാൽ അതെ വൈദ്യശാസ്ത്രത്തിൽതന്നെ മറെറാരേടത്തു "മദ്യംനപേയംപേയംവാ ബഹുവാരിണാ" എന്നിങ്ങനെ വെള്ളംചേർത്തു കുടിക്കാമെന്നും വിധിച്ചിരിക്കുന്നു. പക്ഷെ അതു് പ്രത്യേക ആവശ്യത്തെ പുരസ്കരിച്ചുമാത്രം. കർമ്മപദ്ധതിയിലും ഇങ്ങിനെ സാമാന്യവിശേഷങ്ങൾ സുലഭമാണ്. മത്സ്യം ഭക്ഷിക്കാത്ത ബ്രാഹ്മണൻ രോഗശമനത്തിനു 'മീനെണ്ണ' കുടിക്കുകയും, സത്യസന്ധനായ ആൾ ശപഥനിവൃത്തിക്കുവേണ്ടി അസത്യം പറയുകയും ചെയ്യാറുള്ളതു നാമറിയുന്ന സംഗതിയാണ്. ബ്രാഹ്മണൻ മീനെണ്ണ കുടിച്ചതു പ്രത്യേക ആവശ്യത്തിനുവേണ്ടിയാണ്. അതിനാൽ മത്സ്യം തിന്നരുതെന്ന ബ്രാഹ്മണാദർശത്തിനു ഭംഗം വരുന്നില്ലതന്നെ. പ്രത്യേക കാര്യത്തിനുവേണ്ടി ഒരു കളവു പറയേണ്ടിവന്നുവെങ്കിലും സത്യവാനായിരിക്കേണമെന്ന ആദർശം ഒരുവനിൽ വ്യതിചലിക്കാതെ നില്ക്കതന്നെചെയ്യും. അതുപോലെ തന്നെ പരമാത്മധ്യാനം ചെയ്യേണമെന്ന അഭിപ്രായം മനസ്സിൽ വെച്ചുകൊണ്ടു, താൽക്കാലികമായ ഒരു പ്രത്യേക ഉദ്ദേശത്തെ പുരസ്കരിച്ചുമാത്രം ബിംബപ്രതിഷ്ഠയും മൂർത്തിപ്രതിഷ്ഠയും ചെയ്തുവെന്നു സ്വാമികളെക്കുറിച്ചും പറയാം. ഏകദൈവവിശ്വാസം ഇവിടെ സാമാന്യവും ബിംബാദികൾ വിശേഷവുമാകുന്നു. സാമാന്യം അനുസ്യൂതവും പ്രാധാന്യവുമായിരിക്കുമ്പോൾ വിശേഷം പ്രത്യേകപശ്ചാത്പരമാകുമെന്നു നാം കണ്ടുവല്ലോ. ബിംബപ്രതിഷ്ഠകളുടെ പ്രത്യേക ആവശ്യം എന്തായിരുന്നുവെന്നു മുമ്പുപ്രസ്താവിച്ചിട്ടുണ്ടു. പോരെങ്കിൽ:—

"സഗുണോപാസനമപി ചിത്തൈകാഗ്ര്യദ്വാരാ നിർവ്വിശേഷബ്രഹ്മസാക്ഷാൽക്കാരഹേതുഃ" എന്നൊരു പ്രമാണത്തെയും സ്വീകരിക്കാം. ബിംബാദികളുമായ സഗുണോപാസനംകൊണ്ടു മനസ്സിന്റെ ഏകാഗ്രതയെ സാധിപ്പിക്കാം. അങ്ങിനെ സാധിച്ചാൽ ആ ഏകാഗ്രത, അല്ലെങ്കിൽ അഭിരതി നിർഗ്ഗുണബ്രഹ്മസാക്ഷാൽക്കാരത്തിനു കാരണമാകുമെന്നർത്ഥം. ഈ ന്യായമനുസരിച്ചു മനഃശുദ്ധിയും സ്വഭാവസംസ്കരണവും ഉണ്ടാകുവാൻമാത്രം കൊള്ളാമെന്ന ആശയത്തിന്മേലായിരിക്കാം സ്വാമികൾ വിഗ്രഹം പ്രതിഷ്ഠിച്ചതു്,

"ഏതദ്വ്യശ്മാനമാതിഷ്ഠ! അശ്മാ ഭവതു തേ തനുഃ" അല്ലയോ പരമാത്മാവെ ഈ കല്ലിൽ വന്നു കുടികൊണ്ടാലും ഈ കല്ല് നിന്റെ ശരീരമായിത്തീരട്ടെ! എന്ന പ്രതിഷ്ഠാമന്ത്രത്തെ ഉരുവിട്ടുകൊണ്ടു താന്ത്രികൻ ഒരു കല്ലു നാട്ടിയാൽ അതിൽ എത്രത്തോളം ആത്മപ്രതിഭാസമുണ്ടാകുമെന്നു പറയേണ്ടതില്ലല്ലൊ. യോഗിപ്രതിഷ്ഠയുടെ ഗതി ഇതിൽനിന്നും വ്യതിരിക്തമായ നിലയിലാണ്. ഇനി അഥവാ "ഒരുദൈവം" പരമാത്മാവാണെങ്കിൽ അതിനെ കല്ലിൽ ആവേശിപ്പിക്കേണ്ടതുമില്ല.

"സർവ്വപരിപൂർണ്ണസ്യ പരബ്രഹ്മണഃ സാകാരനിരാകാരൌ സ്വഭാവസിദ്ധൌ" (ഗീതാഭാഷ്യം) എല്ലാടവും നിറഞ്ഞിരിക്കുന്ന ഈശ്വരനു സാകാരത്വവും നിരാകാരത്വവും സ്വാഭാവികമാണ്. ദൃശ്യപ്രപഞ്ചം മുഴുവനും ഈശ്വരനിശ്ചായകങ്ങളാണെന്നു സാധിക്കുമ്പോൾ ഒരു പ്രത്യേക കല്ലിൽ ജീവപ്രതിഷ്ഠ ആവശ്യമില്ല. എന്നല്ല:—

"ശിലൈവ ശിവലിംഗംസ്യാൽ
നദീതീയം ശില്പിനാകൃതം"

എന്നകാരികകൊണ്ടു ദർശനമാലയിൽ ഗുരുദേവർതന്നെ പറഞ്ഞിട്ടുള്ളതും ഈ തത്വംതന്നെയാണ്. നാമരൂപരഹിതനായിരിക്കുന്ന ഈശ്വരനെ ഭജിപ്പാനുള്ള ആരാധനാമണ്ഡപം ബാഹ്യപ്രപഞ്ചത്തിൽ ഒരേടത്തുമില്ല. അതു ഓരോ ആളുടേയും അന്തർഭാഗത്തുകിടക്കുന്നു. ചരാചരാത്മകമായ ഈ പ്രപഞ്ചത്തിൽ അചരത്തെക്കാൾ ചരവസ്തുക്കൾക്കു വൈശിഷ്ട്യമുണ്ട്. ചരജീവികളിൽവെച്ചു മാഹാത്മ്യം മനുഷ്യനുമാണ്॥ മനുഷ്യരുടെ ഘടകോപാധികളിൽ ജ്ഞാനേന്ദ്രിയങ്ങൾക്കു പ്രാധാന്യമിരിക്കുന്നു. എല്ലാ ഇന്ദ്രിയങ്ങളിലുംവെച്ചു ബുദ്ധിക്കു മാഹാത്മ്യാതിശയവുമുണ്ട്. ബുദ്ധിയേക്കാൾ മഹത്വമുള്ള ഒരു സാധനം ഈ ലോകത്തിലെങ്ങുമില്ല.

ഇന്ദ്രിയാണി പരാണ്യാഹു
രിന്ദ്രിയേഭ്യഃ പരംമനഃ
മനസസ്തു പരാബുദ്ധി
ര്യോബുദ്ധേഃ പരതസ്തുസഃ

എന്നു ഗീത.

സർവ്വോന്നതസ്ഥാനത്തിരിക്കുന്ന ബുദ്ധിതന്നെയാകുന്നു സർവ്വേശ്വരന്റെ ആരാധനാമണ്ഡപം. ബിംബാരാധനയിൽ ബദ്ധശ്രദ്ധനായിരിക്കുന്ന ആളുടെ കൈകൾപോലും ഈശ്വരസ്മരണയിൽ തനിയെ മാറോടണയുന്നതു എല്ലാവരും കണ്ടിരിക്കും. ബിംബാരാധനകൊണ്ടുണ്ടായ സംസ്കാരംകൊണ്ടല്ല, അങ്ങിനെസംഭവിക്കുന്നതു്. പ്രകൃത്യാഉള്ള വാസനയാണെന്നുതന്നെ പറയണം. വിജ്ഞാനസ്വരൂപനായ സ്വാന്തര്യാമി ഹൃൽപത്മത്തിൽ വിലാസംകൊള്ളുമ്പോൾ കരണങ്ങൾ അവനെ തേടി സമീപിക്കുന്ന കൂട്ടത്തിൽ പ്രധാനകരണേന്ദ്രിയമായ പാണിദ്വയം, അവന്റെ സംസ്മരണയിൽ സ്വയംവിരിമാറിനെ സമീപിക്കുന്നതു കേവലം സ്വാഭാവികമാണെന്നുള്ളതിൽ ആശ്ചര്യപ്പെടുവാനില്ല.

സ്വാമികൾ രാജയോഗിയായിരുന്ന സ്ഥിതിക്കു, മേൽവിവരിച്ച പ്രകാരമുള്ള അഭിപ്രായത്തേയും വിശ്വാസത്തേയും അംഗീകരിച്ചിരിക്കണമെന്നെ പറവാൻ നിവൃത്തിയുള്ളു. രാജയോഗി ബിംബാദികളെയും മൂർത്തികളെയും ഇഷ്ടപ്പെടുകയില്ലെന്നുള്ളതു വാസ്തവമാണ്. രാജയോഗിയുടെ പ്രാപ്യസ്ഥാനം പരമാത്മാവുമാത്രമാണ്.

"രാജന്തംദീപ്യമാനംച
പരമാത്മാനമവ്യയം
പ്രാപയേദ്ദേഹിനാംയസ്തു
രാജയോഗസ്സകഥ്യതെ"

എന്നാണ് നിയമം- എന്നാൽരാജയോഗീ കർമ്മയോഗിയായി രൂപാന്തരപ്പെട്ടു പരോൽകർഷത്തിനുവേണ്ടി കർമ്മകാണ്ഡീയങ്ങളായ നിയമങ്ങളെ പ്രകാശിപ്പിച്ചുവെന്നുമാത്രം പറയാം. അങ്ങിനെ ചെയ്തതിന്റെഉദ്ദേശം മുമ്പു പറഞ്ഞിരിക്കയാൽ ഇവിടെ ആവർത്തിക്കുന്നില്ല.

മൂർത്തിപ്രതിഷ്ഠകൊണ്ടു ബാലിശമായ ആരാധനാമോഹത്തെസമാധാനിപ്പിച്ചു. കണ്ണാടിപ്രതിഷ്ഠകൊണ്ടു സഗുണോപാസനത്തിന്റെ നഗ്നതയെവെളിപ്പെടുത്തി; രാജയോഗത്തിന്റെ അടുത്തപടിവരെ എത്തിച്ചു. ആത്മാവാണ് സത്യവും സംപ്രാപ്യവുമെന്നുകാണിച്ചു എന്നാൽ കർമ്മംകൊണ്ടും ഉപാസനകൊണ്ടും അവിടെ എത്തുകയില്ലെന്നു കാണിപ്പാൻ അതിന്നടുത്തു വിദ്യാസ്വരൂപിണിയായ സരസ്വതിപ്രതിഷ്ഠയും കാണിച്ചു. ഗുരുദേവരുടെ മാഹാത്മ്യത്തെ അനുസന്ധാനം ചെയ്യുമ്പോൾ തനിയെ കണ്ണടഞ്ഞുപോകുന്നതു ഇവിടെയാണ്.

ജ്ഞാനംകൊണ്ടു മാത്രമെ ആത്മൈക്യമുണ്ടാവുകയുള്ളു വെന്നു ദാർശനികന്മാരെല്ലാംതന്നെ മുക്തകണ്ഠം അനവധി ശാസ്ത്രങ്ങളെക്കൊണ്ടു ഘോഷിച്ച തത്വം ശ്രീനാരായണഗുരുദേവർ ഒരു ചിത്രകാരനെപ്പോലെ രണ്ടു പ്രതിഷ്ഠകൊണ്ടു വെളിപ്പെടുത്തിയതോർക്കുമ്പോൾ കേരളത്തിന്റെ ആഭിമാനികസമ്പത്തിൽ നമ്മുടെഗുരുവിനുള്ള സ്ഥാനം അനുപമമല്ലെന്നാർക്കുപറയാൻ സാധിക്കും,

പാഷാണൈരാലയംബദ്ധ്വാ
ദേവഃപാഷാണഏവച
ബ്രൂഹി പണ്ഡിത ദേവസ്തു
കസ്മിൻസ്ഥാനെ സതിഷ്ഠതി"

എന്നാണ് കപിലാചാര്യൻ ചോദിക്കുന്നതു്:— "അല്ലയോ പണ്ഡിത നിന്റെ അമ്പലവും കല്ലുതന്നെ, ദേവനും കല്ലുതന്നെ. ദേവൻ അതിൽ എതിൽഇരിക്കുന്നു- പറയാമൊ? എന്നർത്ഥം വാസ്തവത്തിൽ ഈ അഭിപ്രായത്തെ മനസ്സിൽ വെച്ചുകൊണ്ടുതന്നെയായിരിക്കാം സ്വാമികൾ വൈദികമായ സകലകർമ്മങ്ങളും നിർവ്വഹിച്ചതെന്നു നിഷ്പ്രയാസം പറയാവുന്നതാണ്. അങ്ങിനെയല്ലായിരുന്നുവെങ്കിൽ ആ ബുദ്ധിയിൽനിന്നും "ആത്മോപദേശശതകം' "ദർശനമാല' മുതലായ ഗ്രന്ഥരത്നങ്ങൾ വെളിക്കു വരികയില്ലായിരുന്നു.

നാരായണഗുരുസ്വാമികൾ അദ്വൈതിയും രാജയോഗിയുമായിരുന്നുവെന്നുള്ളതിന്നു സംശയമില്ല- മനുഷ്യന്നു "ഒരുജാതി, ഒരു മതം, ഒരു ദൈവം" എന്ന സൂക്തിയിലെ ഒരുജാതിയെന്നതിന്നു മനുഷ്യത്വംഎന്നർത്ഥമാകുന്നു. ഒരു മതമെന്നതിന്നു സന്മാർഗ്ഗികമായും പരോപകാരപ്രവണമായും ജീവിതംനയിച്ചാൽ അനുഭവപ്പെടാവുന്ന പരമാനന്ദത്തിന്റെ കേന്ദ്രീകരിച്ച പ്രവൃത്തിപരിപാടി എന്നർത്ഥമാകുന്നു. ഒരു ദൈവമെന്നാൽ ബ്രഹ്മാദിമൂർത്തികളും, അവതാരങ്ങളും മക്കളും, ഭൂതങ്ങളും, പ്രേതങ്ങളും, മൃഗങ്ങളും, പാമ്പുകളും, വൃക്ഷങ്ങളും, പക്ഷികളും ഉൾപ്പെടാത്തതും; എന്നാൽഇവയിലെല്ലാംവ്യാപ്തമായിട്ടുള്ളതും നിത്യനും ജ്യോതിസ്വരൂപനും, വിജ്ഞാനരാശിയും, ആയ പരമാത്മസത്തയെന്നും അർത്ഥമാകുന്നു. എത്രയോ വലിയ നിരൂപണംകൊണ്ടാണ് ഈ അർത്ഥങ്ങൾ സാധിച്ചിരിക്കുന്നതു; ഒന്നോർക്കണം.

...കൊല്ലത്തോളം ഹിന്ദുമതമഹാരാമത്തിലെ മുൾപ്പടർപ്പുകളെ വെട്ടിനീക്കുവാനും; ആന്ധ്യപൂരിതവും ദുർഗ്ഗമവുമായ ആരാധനാമാർഗ്ഗങ്ങളിൽകൂടി ഈശ്വരനെ തേടിനടന്നു വിവശരും വിഷണ്ണരുമായ കർമ്മികളെ മനം മടുപ്പിക്കാതെ അവരാഗ്രഹിച്ച പ്രാപ്യസ്ഥാനത്തേക്കുള്ള നേർവഴി കാണിച്ചു തിരിച്ചുവിടുവാനും, ബ്രാഹ്മണ മേധാവിത്വത്തിന്റെയും അതിന്റെ പരിവാരമായത്തിന്റെയും നിരന്തര നിരോധത്തോടും അവജ്ഞയോടും പടവെട്ടി മനുഷ്യരിൽ സ്വാതന്ത്ര്യബോധം ഉളവാക്കുവാനും; സൗമ്യമായ ജ്ഞാനവും ധനവും സമുദായത്തിന്റെ രണ്ടു പട്ടഹസ്തങ്ങളാണെന്നു അവഗാഹപൂർവ്വം അനുശാസിച്ചു; അനായായിവർഗ്ഗത്തിനു ഉദാഹരണസഹിതം തെളിയിച്ചുകൊടുക്കുവാനും,

(ശേഷം 177-ാം പേജിൽ)

# ശ്രീനാരായണധർമ്മം.

(തുടർച്ച)

അനേകത്വേ താദൃശാനാ
മവിചാര്യ കൃതാമിഹ
നശ്യേയുരാശ്രമാസ്സർവ്വേ
ലോകസ്യാപി ക്ഷയോ ഭവേത്. ൨൨൧

വിവാഹസ്യ വിനോദായ
പരമൈഹിക ജീവിതേ
സുഖായ ച ഹിതം കിഞ്ചിത്
നകർമ്മേതി വിചിന്തയേത് ൨൨൨

തത് ഗാർഹസ്ഥ്യ പ്രവേശാത്ധീ
ശ്രദ്ധയാനോഹി നിർഭരം
സുവിചിന്ത്യ വിവാഹാർത്ഥം
വിദധീത യഥാക്രമം. ൨൨൩

വിദ്യാവിത്ത വയോരൂപ
സ്ഥാനാദ്യൈരനുരൂപ്യതഃ
മിഥോഽനുരാഗോ ദാമ്പത്യ
സ്ഥിത്യൈ സുദൃഢ ശൃംഖലാ. ൨൨൪

ജനനം സകൃദേവസ്യാ
ന്മനുഷ്യസ്യ മൃതിസ്സകൃത്
അസകൃജ്ജായതേഭ്രമാ
ദനവസ്ഥിത ജീവനഃ. ൨൨൫

അസകൃന്മ്രിയതേഹീന
സ്ഥിരാ ചപല മാനസഃ
ഏതാവുഭൌ വിവാഹാർഹൌ
നഭവേതാം കദാചന. ൨൨൬

അനുരാഗോ മനുഷ്യസ്യ
സ്യാദേകത്രൈവ സുസ്ഥിരഃ
അതഃ പുമാനേകദൈവ
കന്യാംവൈവാഹികംവിധിം. ൨൨൭

തദാതപസ്വി ദാമ്പത്യോ
മൃതഏക നരോയദി
മാനദണ്ഡോഽനുരാഗസ്യ
പുനരുദ്വാഹനിസ്പൃഹാ. ൨൨൮

ശിഷ്യാ ഊചുഃ

ആകാലികീ മൃതിർഭൂയാ
ദ്യദിവധ്വാ വരസ്യവാ
അവശിഷ്ടോ ജനഃ പശ്ചാ
ദുദ്വഹേദ്വാന വാഽനഘ. ൨൨൯

ഗുരുരുവാച

യദ്യാവശ്യകതാകാലേ
വനുബന്ധം ഗൃഹവ്രതം
ഭവേതാം; പുനരുദ്വാഹം
കുര്യാത്സാധു വിചിന്തയൻ. ൨൩൦

വിധവാചാകൃതോദ്വാഹം
മൃതഭാര്യാശ്ച കന്യകാം
പുനർവിവാഹസ്യകൃതേ
നവാഞ്ഛേദപി നിശ്ചയം. ൨൩൧

പുനർവിവാഹസ്സകൃ
ദ്വിധാതവ്യോന ചാസകൃത്
അനേകവാരം വിഹിതഃ
പുണ്യോച്ഛേദായ കല്പതേ. ൨൩൨

ആരോഗ്യമനുരാഗശ്ച
സമപ്രാധാന്യമർഹതഃ
തസ്മാദുല്പത്തി പത്യസ്യ
ദമ്പത്യോശ്ശോധനാദപി. ൨൩൩

കാരയേൽ ഭിഷജാസമ്യക്
തദാരോഗ്യ പരീക്ഷണം
പുനർവിവാഹ വൈരള്യ
മായാതു മുപയോഗിനാം. ൨൩൪

ആരോഗിണാ മപത്യാനാം
ലാഭായൈതം പ്രശസ്യതേ
ശാസ്ത്രം നവദമ്പത്യോഃ
ഗൃഹധർമ്മോപദേശകം. ൨൩൫

സസ്നേഹ മനുവർത്തേരൻ
ഗുരവോ നവദമ്പതീ
സ്വാതന്ത്ര്യ മപബാധ്യൈവ
രുന്ധന്ത്വനയമേതയോഃ. ൨൩൬

അന്യോന്യക്ലേശകാരിണ്യോഃ
സ്നേഹാശാപശ്രേഷ്ഠാർന്നികേതനാം
അനേകവിഭവോപേത
മപിദേവഃ പരിത്യജേത്. ൨൩൭

ഭാര്യാമുദ്വേജയൻ ഭർത്താ
ക്രീതഭൃത്യോഽഭയപ്രദഃ
അനുരാഗസ്തുതസ്യാഃ
സ്ഥിരതാ മുപയാതിചേത് ൨൩൮

സാശ്ചര്യം താദൃശീം ശാന്താം
ന്ത്വാരാധയതി ദേവതാ
നൃശംസം നിർദയം തഞ്ച
ദ്വേഷ്ടി ചാപേ ശപത്യപി. ൨൩൯

ഭവത്യോസ്സമഭാഗിത്വം
സുഖേദുഃഖേ ച സംഗതേ
സഹകാരിത്വ മന്യോന്യം
കൃത്യനിർവ്വഹണേ മിഥഃ ൨൪൦

(തുടരും)

നവജീവൻ.

**1120 മേടം 30-ാംനു-**

## ബ്രഹ്മവിദ്യാമന്ദിരം

ശിവഗിരിയിലെ ബ്രഹ്മവിദ്യാമന്ദിരനിർമ്മാണം സംബന്ധിച്ചുള്ള ശ്രീനാരായണധർമ്മസംഘത്തിന്റെ കർമ്മപദ്ധതിയെ അധികൃതമായി പ്രതിപാദിച്ചുകൊണ്ടു്, പ്രസ്തുത ധർമ്മസംഘം കാര്യദർശിസ്വാമി ശ്രീനാരായണതീർത്ഥരവർകൾ പുറപ്പെടുവിച്ചിട്ടുള്ളതും, കഴിഞ്ഞ കുറി ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നതുമായ വിജ്ഞാപനം ഇതിനകം സകലരുടേയും സത്വരശ്രദ്ധയ്ക്കു് വിഷയമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മാനവസമുദായത്തിന്റെ സമുദ്ധരണം എന്ന മഹത്തായ ധർമ്മനിർവ്വഹണത്തിനായി ലോകാരംഭംമുതൽ ഇതുപര്യന്തം മഹാത്മാക്കളായ നിരവധി മതപ്രവാചകന്മാർ ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അവതരിച്ചിട്ടുണ്ടു്; അവരിൽ ഓരോരുത്തരും സ്വായത്തമാക്കിയിരുന്ന ആത്മികശക്തിയും, വ്യക്തിവൈഭവവും പ്രകടമാക്കി സമുൽകൃഷ്ടങ്ങളായ ബഹുശതം സിദ്ധികൾ അവർ നേടിയിട്ടുമുണ്ടു്. എന്നാൽ, ആ വക നേട്ടങ്ങളിൽ ഏറിയ കൂറും, അന്നത്തെ കാലദേശാവസ്ഥകൾക്കനുയോജ്യമായവിധം പരിക്ലിപ്തങ്ങളായിരുന്നുവെന്നുള്ള വസ്തുത ചിന്താശീലന്മാരുടെ ബുദ്ധിക്കു് കരതലാമലകം പോലെ ബോദ്ധ്യപ്പെടുന്ന ഒരു യാഥാർത്ഥ്യം മാത്രമാകുന്നു. അത്യന്തം അസംസ്കൃതരും അസംഘടിതരുമായി അന്യോന്യസമ്പർക്കത്തിന് മാർഗ്ഗമില്ലാതെ, അവിടവിടെ ചെറുസംഘങ്ങളായി ചിതറിക്കിടന്നിരുന്ന അന്നത്തെ ജനസമുദായത്തെ സംബന്ധിച്ചിടത്തോളം അവ നിശ്ശേഷം അപര്യാപ്തങ്ങളല്ലായിരുന്നെന്നുള്ള കാര്യവും വിസ്മരിച്ചുകൂടാത്തതാണ്. എന്നാൽ ഇന്നത്തെ നില അതല്ല. കാലം, ആവശ്യത്താൽ കവിഞ്ഞ അതിന്റെ പരിഷ്കൃതീഭാണ്ഡവും പേറിക്കൊണ്ടു അതിദൂരം മുൻപോട്ടു പോയിരിക്കുന്നു. ദേശമാണെങ്കിൽ, അതിവ്യാപ്തമായ അതിന്റെ വിസ്തൃതിയെപ്പോലും വിഗണിച്ചു് സാകല്യേന സങ്കോചിച്ചുമിരിക്കുന്നു. ഈ നില മുൻകൂട്ടി കണ്ടുകൊണ്ടാണു് വിശാലവീക്ഷണപടുവായ ശ്രീനാരായണഗുരുദേവൻ വിശ്വവ്യാപകമായ മഹാദർശങ്ങൾ ഉൾക്കൊള്ളുന്ന ഒരു നൂതനപദ്ധതിയെ സ്വീകരിച്ചുകൊണ്ടുള്ള മാനവസമുദ്ധാരണത്തിനു സന്നദ്ധനായതു്. സഗുണബ്രഹ്മസിദ്ധാന്തം തുടങ്ങി ചാർവ്വാകസിദ്ധാന്തംവരെയുള്ള സകല മതാനുശാസനങ്ങളുടെയും സാരാംശത്തെപ്പോലും സമർത്ഥമായി വിശകലനംചെയ്തതിന്റെ ഫലമായി ആ പണ്ഡിതാഗ്രണിയായ പരമഹംസൻ "പല മതസാരവുമേക"മെന്നു് കണ്ടറിഞ്ഞു. ഈ അറിവിൽനിന്നാണു് പ്രസ്തുത നൂതനപദ്ധതി രൂപമെടുത്തതു്. ഇന്നല്ലെങ്കിൽ, നാളെ ഈ പദ്ധതി അവലംബിക്കാതെ ലോകത്തിനു ശാന്തിയും, കൈവല്യവും കൈവരിക സാദ്ധ്യമല്ലെന്നുള്ളതു് നിസ്തർക്കമാണു്. അങ്ങനെയാണെങ്കിൽ അതിന്റെ പൂർണ്ണരൂപം ജനസാമാന്യം ഗ്രഹിച്ചിരിക്കണമെന്നുള്ളതും നിസ്തർക്കമാണല്ലോ. തന്റെ ചിരന്തനമായ ചിന്തയുടെ ഫലമായി അതിലെയ്ക്കായി ഉൽപ്പാദങ്ങൾതന്നെ സ്വയംപരികല്പിച്ചിട്ടുള്ള ഒരു മഹൽസ്ഥാപനമാണു് ശിവഗിരിയിലെ ബ്രഹ്മവിദ്യാലയം.

ഉൽപ്പാദങ്ങളുടെ മഹാസമാധിസ്ഥാനത്തുള്ള ഈ വിശ്വവിദ്യാലയത്തിന്റെ നിർമ്മാണത്തിനു്; ആ പുണ്യാത്മാവുതന്നെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചിരിക്കുന്നുവെന്നറിയുമ്പോൾതന്നെ അതിന്റെ നിർമ്മാണനിർവ്വഹണത്തിൽ നമുക്കുള്ള നിസ്സീമമായ കടപ്പാടു് ഏവർക്കും ബോദ്ധ്യമാകുന്നതാണല്ലോ. മന്ദിരത്തിന്റെ നിർമ്മിതിക്കും നിലനില്പിനുമായി മൊത്തം പത്തുലക്ഷം രൂപാ ആവശ്യമായിവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഉൽപ്പാദങ്ങളുടെ സമാധിക്കു മുകളിൽ, വൃത്താകൃതിയിൽ, അഞ്ചുനിലയിൽ സാധിക്കേണ്ട മന്ദിരനിർമ്മാണത്തിന്റെ ആവശ്യത്തിനു പത്തുലക്ഷം രൂപാ വേണ്ടിവരുമെന്നുള്ള അനുമാനം ഒരു തരത്തിലും അധികരിച്ചതായിട്ടുള്ളതല്ല. ഈ സംഖ്യ മലബാർ, കൊച്ചി, തിരുവിതാംകൂർ, തമിഴ്നാട്ടു്, സിലോൺ എന്നിവിടങ്ങളിൽനിന്നു സംഭാവനയായി വസൂൽചെയ്യണമെന്നാണു് ധർമ്മസംഘത്തിന്റെ തീരുമാനം. അതിലേക്കു്, സമർത്ഥരും സമർഹരുമായ ഏതാനും വ്യക്തികളെ ഈ ഓരോ പ്രദേശങ്ങളിൽനിന്നുമായി തെരഞ്ഞെടുത്തു ഒരു കമ്മററിയെ രൂപവൽക്കരിച്ചിട്ടുമുണ്ടു്.

"ഭേദവും ഭേദത്തിൽഭേദവു"മായി വർഗ്ഗത്തിന്റെയും മതത്തിന്റെയും പേരിൽ സദാപി അന്ധകാരാവൃതരായി കഴിഞ്ഞുപോന്ന ജനലക്ഷങ്ങൾക്കു മുക്തിയും ശക്തിയും നൽകി, ലോകാനുഗ്രാഹകരങ്ങളായ ദിവ്യാദർശങ്ങളെ സംഭാവനചെയ്തു് പുണ്യലോകംപൂകിയ ശ്രീനാരായണന്റെ നിത്യസ്മരണയെ നിലനിർത്തുവാനായി സമാരംഭിക്കപ്പെടുന്ന ഈ മന്ദിരത്തിന്റെ നിർമ്മാണത്തിനായി മുക്തഹസ്തം സകലരും ധനസഹായം നൽകി കൃതകൃത്യത നേടുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുകയും, അതിനായി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

## ശിവഗിരി വാർത്തകൾ.

ശിവഗിരി മഠാധിപതി— ബ്രഹ്മശ്രീ, ശങ്കരാനന്ദസ്വാമികൾ ആലുവാ മുതലായ ശാഖാസ്ഥാപനങ്ങളെ സന്ദർശിക്കുന്നതിനായി സക്കീട്ട പോയിരിക്കുന്നു. അടുത്തുതന്നെ മടങ്ങിവരുമെന്നു പ്രതീക്ഷിക്കുന്നു.

* * * *

കാര്യദർശി, ശ്രീ നാരായണതീർത്ഥസ്വാമികൾ, സചിവോത്തമപുരത്തു നടത്തിവരുന്ന സംസ്കൃതവിദ്യാലയത്തിന്റെ ഏതാനും കാര്യങ്ങൾ അന്വേഷിപ്പാനായി പോയിരിക്കുന്നു.

### വരിക്കാരുടെ സത്വരശ്രദ്ധക്കു്.

വരിസംഖ്യ കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ മാന്യവരിക്കാരും അവരവരുടെ വരിസംഖ്യകൾ അയച്ചുതന്നു സഹായിക്കുവാൻ സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശാസ്ത്രപംക്തി.

# മിന്നാമിനുങ്ങ്

എം. പി. അപ്പൻ, എം. എ; എൽ. റ്റി.

“വരിഷ്ഠമാംതങ്കമുരച്ചരേഖപോ-
ലിരുട്ടുകീറുന്നൊരു വാളുസൂചിപോൽ”.

എന്നു മിന്നാമിനുങ്ങിനെ ആശാൻ വർണ്ണിച്ചിട്ടുള്ളത് ഒരിക്കൽ കേട്ടിട്ടുള്ളവർ മറന്നുപോകയില്ല. അത്ര മനോഹരമാണ് ആ വർണ്ണന.

മിന്നാമിനുങ്ങിന്റെ അത്ഭുതാവഹമായ പ്രകാശത്തെ അപഗ്രഥിച്ചുനോക്കിയ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുള്ള ചില തത്വങ്ങളും ശ്രദ്ധേയങ്ങളാകുന്നു. മിന്നാമിനുങ്ങിനു അതിന്റെ പ്രകാശംകൊണ്ടുള്ള പ്രധാനമായ പ്രയോജനം ഇണയെ ആകർഷിക്കുവാൻ കഴിയുമെന്നുള്ളതാണ്. പെൺമിന്നാമിനുങ്ങിന്റെ പ്രകാശം ഉടലിന്റെ ഒടുവിലത്തെ മൂന്നു വിഭാഗങ്ങളിൽനിന്നാണു പുറപ്പെടുന്നത്- ആദ്യത്തെ രണ്ടു വിഭാഗങ്ങളിൽ ഓരോന്നിന്റെയും അടിവശത്തു വീതിയുള്ള ഒരു അരഞ്ഞാൺപോലെ ഈ പ്രകാശം പ്രത്യക്ഷപ്പെടുന്നു. ഒടുവിലത്തെ വിഭാഗത്തിൽ വിസ്താരം കുറഞ്ഞ രണ്ടു പുള്ളികളായി ഉടലിന്റെ മുകൾവശത്തും അടിവശത്തും പ്രകാശം ദൃശ്യമാകുന്നു. ഈ അരഞ്ഞാണുകളിലും പുള്ളികളിലും നിന്നു നേരിയ നീലം കലന്ന മനോഹരമായ ഒരു ധവളതേജസ്സ് പ്രസരിച്ചുകൊണ്ടിരിക്കുന്നു. ആൺമിന്നാമിനുങ്ങിന്റെ ഉടലിലാകട്ടെ രണ്ടു പുള്ളികൾമാത്രമേയുള്ളു. അതിനു അരഞ്ഞാൺ ഇല്ലാ. ജന്മനാ ലഭിക്കുന്ന ഈ പ്രകാശം ആയുഷ്ക്കാലം മുഴുവനും നിലനില്ക്കുന്നുവെന്നുള്ളതാണു മറ്റൊരുവിശേഷം.

മുകളിൽ സൂചിപ്പിച്ച പ്രകാശമാനങ്ങളായ മേഖലകളെ (അരഞ്ഞാൺ) ഭൂതക്കണ്ണാടിയുടെ സഹായത്തോടുകൂടി പരിശോധിച്ചതിൽ സൂക്ഷ്മമായ ചിലവസ്തുക്കൾ പ്രത്യക്ഷമായിട്ടുണ്ട്. പ്രാണിയുടെ ഉടലിന്റെപുറത്തു വെള്ളയടിച്ചതുപോലെ ഒരു വസ്തു പുരണ്ടിരിക്കുന്നു. അതാണു പ്രകാശത്തിന്റെ ഉല്പത്തിസ്ഥാനം. അതിനടുത്തായി കൗതുകാവഹമായ ഒരു വായുനാളി (air tube) ഉണ്ട്. വായുനാളിയുടെ നീളം കുറഞ്ഞു വീതികൂടിയരണ്ട്, രോമപംക്തിയുക്ക സുട്ടശവും ശീഘ്രഗ്രഹണശക്തിയുള്ളതുമായ ഒരു വസ്തുവിശേഷത്തിൽ പെടിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വസ്തുവിശേഷം, പ്രകാശിക്കുന്ന വസ്തുവിന്റെമീതെ പരന്നുകിടക്കുകയും, ചിലപ്പോൾ അതിൽ മഗ്നമാവുകയും ചെയ്യുന്നു.

മിന്നാമിനുങ്ങിന് പ്രകാശം ഉണ്ടാകുന്നത് ശ്വാസകോശത്തിന്റെ പ്രവർത്തനത്തിൽനിന്നാണ്. വായുവിനോടു ചേരുമ്പോൾ പ്രകാശിക്കുകയോ, തീപിടിക്കുകയോ ചെയ്യുന്ന ചില വസ്തുക്കളുണ്ട്. ഇവയെ (combustible) (ദഹനീയം) എന്നും വായുവിനോടു ചേർന്നു പ്രകാശമോ അഗ്നിയോ ജനിപ്പിക്കുന്ന പ്രവർത്തനത്തിനു oxidation (ജാരണം) എന്നും പറയുന്നു. മിന്നാമിനുങ്ങിന്റെ പ്രകാശം ജാരണത്തിന്റെ ഫലമാകുന്നു. വെള്ളയടിച്ചതുപോലെ ദൃശ്യമാകുന്ന വസ്തു ജാരണംചെയ്യപ്പെടുന്നു. ഇതിനാവശ്യമുള്ളവായു, മിന്നാമിനുങ്ങിന്റെ ശ്വാസോച്ഛ്വാസാവയവത്തോടുഘടിപ്പിച്ചിട്ടുള്ള കുഴലിൽനിന്നു കിട്ടുന്നു. എന്നാൽ പ്രകാശിക്കുന്ന വസ്തുവിന്റെ സ്വഭാവത്തെപ്പറ്റി ഇതേവരെ ആർക്കും യാതൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലാ.

സ്വശരീരത്തിലുള്ള പ്രകാശത്തെ വേണ്ടതുപോലെ നിയന്ത്രിക്കുവാൻ മിന്നാമിനുങ്ങിനു സാദ്ധ്യമാണ്- വായുനാളിയിലൂടെയുള്ള വായുവിന്റെ ഗതിവേഗം കൂട്ടുകയാണെങ്കിൽ പ്രകാശം പ്രകടമായിത്തീരുന്നു. ഗതിവേഗം കുറയുകയാണെങ്കിൽ പ്രകാശം മങ്ങിപ്പോകുന്നു. വായു തീരെ ഇല്ലെങ്കിൽ പ്രകാശം അണഞ്ഞുപോകും.

പുറമെനിന്നുണ്ടാകുന്ന ചലനത്തിനോ, സ്പർശനത്തിനോ ആൺമിന്നാമിനുങ്ങിന്റെ പ്രകാശകണികകളിൽ മാറ്റംവരുത്തുവാൻ സാദ്ധ്യമാണ്. പുറമെനിന്ന് എന്തെങ്കിലും ഒരു ചലനമുണ്ടായാൽ പെട്ടെന്നു ഈ പ്രകാശം അണഞ്ഞുപോകുന്നു. തൃണദളങ്ങളിൽ ഇരിക്കുന്ന ഇളം മിന്നാമിനുങ്ങികളുടെ പുറത്തു മിന്നുന്ന പുള്ളികൾ, കാലൊച്ച കേട്ടയുടനെ അണയുന്നതും, ജീവി അദൃശ്യമാകുന്നതും സാധാരണമാകുന്നു.

പെൺമിന്നാമിനുങ്ങിന്റെ അരഞ്ഞാണുകളുടെ പ്രകാശത്തിനു ഗണനീയമായ മാറ്റം വരുത്താൻ വലിയ ചലനത്തിനോ ശബ്ദത്തിനോ സാധ്യമല്ല. കമ്പിവലകൊണ്ടുണ്ടാക്കിയ ഒരു കൂട്ടിലിരുന്ന പെൺമിന്നാമിനുങ്ങുകളുടെ അടുത്തുവച്ചു പീരങ്കി പ്രയോഗിച്ചിട്ടുപോലും അവയുടെ പ്രകാശത്തിനു യാതൊരുവിധത്തിലുള്ള മാറ്റവും വന്നില്ലെന്നു ഒരു ശാസ്ത്രജ്ഞൻ രേഖപ്പെടുത്തിയിരിക്കുന്നു. അവയുടെ പുറത്തു കുറെ തണുത്ത വെള്ളം തളിച്ചുനോക്കിയിട്ടും പ്രകാശത്തിനു കുറവു വന്നില്ലാ. അപൂർവ്വം ചില പ്രാണികളിൽമാത്രം കുറെനേരത്തേക്കു പ്രകാശം നിന്നുപോയി. എങ്കിലും, വീണ്ടും അതു പ്രത്യക്ഷമായി. സിഗററ്റിന്റെ പുക അവയുടെമീതെ പ്രയോഗിച്ചപ്പോൾ അല്പനേരത്തേക്കു പ്രകാശം നിന്നു. ചില പ്രാണികളുടെ പ്രകാശം കുറെ അധികം നേരത്തേക്കു അദൃശ്യമായി. എങ്കിലും അതു വീണ്ടും പ്രത്യക്ഷപ്പെടുകതന്നെ ചെയ്തു. ഈ പ്രാണികളെ കൈയിലെടുത്തു ലഘുവായി ഉപദ്രവിച്ചാലും പ്രകാശത്തിനു കുറവു വരുന്നില്ലെന്നു അനുഭവപ്പെട്ടിട്ടുണ്ട്. ഇതിൽനിന്നെല്ലാം തെളിയുന്നത്, മിന്നാമിനുങ്ങിനു തന്റെ ദീപം യഥേഷ്ടം കൊളുത്താനും, കെടുത്താനും കഴിയുന്നു എന്നുള്ളതാണ്.

പ്രകാശിക്കുന്ന അരഞ്ഞാൺ ഉൾപ്പെടുന്ന ഉടലിന്റെ ഒരു ഭാഗം മുറിച്ചെടുത്തു ഒരു കണ്ണാടിപ്പാത്രത്തിൽവെച്ചാൽ അതും പ്രകാശിക്കുന്നതു കാണാം. എന്നാൽ മുമ്പത്തേപ്പോലെയുള്ള ഔജ്ജ്വല്യം പ്രകാശത്തിനുണ്ടായിരിക്കുകയില്ല. പ്രകാശം ഉണ്ടാകുന്നതിന് ജീവന്റെ ആവശ്യമില്ലാ. വായു അലിഞ്ഞുചേർന്നിട്ടുള്ള ജലത്തിലും ഇതുപോലെതന്നെ. ഈ ശലഭത്തിന്റെ ശരീരം പ്രകാശിക്കുന്നുണ്ട്. എന്നാൽ വായുവില്ലാത്ത ജലമാണെങ്കിൽ പ്രകാശം അണഞ്ഞുപോകും. മിന്നാമിനുങ്ങിന്റെ പ്രകാശം oxidation ന്റെ (ജാരണ) ഫലമാണെന്നുള്ളതിനു ഇതിൽ കൂടുതൽ തെളിവു വേണ്ടല്ലോ.

(ശേഷം 176-ാം പേജിൽ)

## സ്വാമി ദയാനന്ദ സരസ്വതി

### ആൎയ്യസമാജസ്ഥാപകൻ.

### ആൎയ്യസമാജതത്വങ്ങൾ.

(ഇട്ടിച്ചൻ, വി. ഈരാളിൽ.)

ആൎയ്യസമാജത്തിന്റെ ധൎമ്മങ്ങൾ താഴെ പറയുന്ന പത്തു തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാകുന്നു.

1 എല്ലാ യഥാൎത്ഥ ജ്ഞാനത്തിന്റേയും മൂലസ്രോതം ദൈവമാകുന്നു. ഏതു സംഗതിയും നമുക്കു വെളിവാകുന്നതു ആ അദൃശ്യ ശക്തി മൂലമത്രെ.

2 അഖിലബ്രഹ്മാണ്ഡസ്രഷ്ടാവും സൎവ്വാന്തൎയ്യാമിയും ആയ ആ അമാനുഷശക്തി സത്യം, ബുദ്ധിശക്തി, അമൎത്ത്യത, പരിശുദ്ധി, സന്തോഷം, ആദ്യന്തരാഹിത്യം സ്ഥിരവ്യവസ്ഥിതി, നീതി ദയാപൂൎണ്ണത, ജനനമരണാതീതത, അനന്തത, ശാശ്വതഭാവം, നിൎഭയം, സൎവവ്യാപകം എന്നിവയുടെ ഏകീഭാവമാണു്.

3 വേദങ്ങളിലാണു് യഥാൎത്ഥ ജ്ഞാനം അടങ്ങിയിട്ടുള്ളതു. അവ പഠിക്കുകയും, പഠിപ്പിക്കുകയും, ഉരുവിടുകയും, ചെയ്യേണ്ടതു സകല ആൎയ്യന്മാരുടേയും ചുമതലയാണു.

4 സത്യത്തെ വരിക്കുവാനും അസത്യത്തെ നിരാകരിക്കുവാനും സകലരും സന്നദ്ധരായിരിക്കണം

5 ഏതു പ്രവൃത്തി ചെയ്യുന്നതും അതിന്റെ അനന്തരഫലം നല്ലതൊ തീയതൊ ഏതായിരിക്കുമെന്നു നിഷ്കൃഷ്ടമായി ആലോചിച്ചതിനുശേഷമെ ആകാവൂ.

6 ആൎയ്യസമാജത്തിന്റെ പ്രധാന കൎത്തവ്യം ലോകക്ഷേമം ചെയ്യുക എന്നതാണു. കായികമായും മാനസികമായും സാമുദായികമായുമുള്ള ലോകരുടെ പുരോഗതിയെയാണു് ആൎയ്യസമാജാംഗങ്ങൾ കാംക്ഷിക്കുന്നതു.

7 സകല ജനങ്ങളോടും സ്നേഹമായും, ന്യായമായും പെരുമാറുകയും, ഓരോരുത്തന്റേയും വ്യക്തിമഹാത്മ്യമനുസരിച്ചു് ഓരോരുത്തനും പ്രത്യേക പരിഗണന നല്കുകയും ചെയ്യേണ്ടതാകുന്നു.

8 സകല ജനങ്ങളുടെയും അജ്ഞാനത്തെ ദൂരീകരിക്കുകയും അവൎക്കു് വേണ്ടവിധത്തിൽ വിജ്ഞാനപ്രദാനം ചെയ്യുകയും വേണം.

9 യാതൊരുവനും സ്വന്തം ഉന്നതിയെമാത്രം ലാക്കാക്കിയാതൊന്നും പ്രവൎത്തിക്കരുതു്. അപരന്റെ അഭിവൃദ്ധിയും, തന്റെ അഭിവൃദ്ധിയും പരസ്പര ബന്ധമുള്ളതാണെന്നു് എപ്പോഴും ഓൎമ്മവേണം.

10 സാമുദായിക നിയമങ്ങളെ സകലരും അനുസരിക്കണം. എന്നാൽ വ്യക്തിപരമായ കാൎയ്യങ്ങളിൽ അവനവനു ഇഷ്ടമുള്ളതുപോലെ പ്രവൎത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടു്.

---

## "ആരുനീ"

(കരുംകുളം മാധവൻ.)

ആരുനീ രാവിലിന്നെന്നടുത്തേകയായ്
ചാരുസ്വച്ഛസ്മേരയായ് വന്നുനില്പോൾ?
ക്രൂരരാംക്ഷുദ്ര വലിച്ചെറിഞ്ഞീടുന്ന
സൂനൻ തന്നാഗമമെന്നപോലെ.

താരുണ്യസമ്പത്തു ഝല്ലാരമേകാത്ത
ചാരിത്ര സൗഭഗമെന്നപോലെ
ആരിലുമൻപു് ചൊരിഞ്ഞണഞ്ഞീടുന്ന
കാരുണ്യദേവതയെന്നപോലെ.

മന്മനപ്പൈങ്കിളിപ്പെൺമണിക്കാദർശ-
സന്ദേശമോതുന്നതാരു, നീയോ?
മാമകപ്രാണനിൽ പീയൂഷധാരപോൽ
പ്രേമംപകരുന്നതാരു, നീയോ?

കൎത്തവ്യബോധത്താലെന്നെയുണൎത്തിയുൽ-
ബുദ്ധനാക്കുന്നതുമാരു, നീയോ?
ഞാനറിയാതെയെൻ പിന്നിൽ നിന്നാനന്ദ-
വീണ മീട്ടുന്നതുമാരു, നീയോ?

ആകാശഗംഗയിലാറാടിനില്ക്കുമെ-
ന്നാകാംക്ഷകൾക്കുനീ പൂവുചൂടി,
കല്ലാംപവിഴവും കൊണ്ടുനീയെൻ വഴി-
ക്കെല്ലാവിധത്തിലും ശോഭയേററി,

മാമകപ്രത്യക്ഷ ചിന്തകൾക്കൊക്കെനീ
മാധുര്യച്ചാറിനാൽ മാററുകൂട്ടി,
മൽകടക്കണ്ണിന്റെ മുമ്പിൽനീ യത്ഭുത-
നൃത്തത്തിൻ രംഗങ്ങൾകൊണ്ടുകാട്ടി,

എന്നെനീമൎത്ത്യരിൽ മൎത്ത്യനായ്ക്കാണുവാ-
നിന്നിതാ വന്നുനീ തൊട്ടുണൎത്തി,
എന്നാലുമിന്നുനീ യാരെന്നറിയുവാ-
നെന്മനം വെമ്പുകയാണു ദേവീ.

---

(175 ാംപേജിൽനിന്നും തുടൎച്ച)

ധവളവും; ശീതളവും, മൃദുലവും, കോമളവുമായ ഈ പ്രകാശം പൂൎണ്ണചന്ദ്രനിൽനിന്നു അടൎന്നുവീണ ഒരു ബിന്ദുവാണോ എന്നു് തോന്നിപ്പോകും. അത്ര മനോഹാരിതയാണു് അതിനുള്ളതു്.

ഈ പ്രകാശം ഏതാണ്ടു് ഉജ്ജ്വലമാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. അച്ചടിച്ചവരിയിൽകൂടെ ഇരുട്ടത്തു് മിന്നാമിനുങ്ങിനെ ചലിപ്പിക്കുകയാണെങ്കിൽ ഓരോ അക്ഷരമായി നമുക്കു വായിക്കാൻ കഴിയും. എന്നാൽ ആ ചെറിയ മണ്ഡലത്തിനു പുറമെയുള്ള യാതൊന്നും ദൃശ്യമാവുകയില്ല.

പ്രകാശമാനങ്ങളായ ഈ ജീവികൾക്കു് കുടുംബസംബന്ധമായ സ്നേഹം എന്താണെന്നറിഞ്ഞുകൂടാ. ഇലകളിലോ, നിലത്തോ ബോധിച്ചതുപോലെ അവ മുട്ടയിട്ടിട്ടു പോകുന്നു. പിന്നീടു യാതൊരു ശ്രദ്ധയും പതിപ്പിക്കുന്നില്ല.

ആദിമുതൽ അന്ത്യംവരെ മിന്നാമിനുങ്ങു പ്രകാശിക്കുന്നു. മുട്ടയും, മുട്ട പൊട്ടിവരുന്ന കുഞ്ഞും തേജോമയമാണു്. തണുപ്പു തട്ടുമ്പോൾ ഈ പ്രാണികൾ നിലത്തു താഴുകയാണു് പതിവു്; പക്ഷെ വളരെ താഴുകയില്ല. മണ്ണിനിടയിലും അവ നിൎഭയമായി ആ സ്വാതന്ത്ര്യദീപം ഉയൎത്തിപ്പിടിച്ചുകൊണ്ടുതന്നെ സ്ഥിതി ചെയ്യുന്നു.

# പത്രറിപ്പോർട്ടർ.

വക്കം എം. അബ്ദുൽഖാദർ.

(തുടർച്ച)

നിപുണനായ ഒരു റിപ്പോർട്ടർ തന്റെ സ്ഥലത്തേയും അതിന്റെ പരിസരങ്ങളിലെയും നിവാസികൾക്കെല്ലാം സുപരിചിതനായിരിക്കും. ആളുകളുമായി ഇടപെടുന്നതിൽ അവൻ ജാതിമതവ്യത്യാസമോ തരഭേദമോ ഗണിക്കുന്നില്ല. അവനെ എല്ലാവരും നേരിട്ടറിയുന്നതു പോലെ അവനും എല്ലാവരെയും നേരിട്ടറിയുന്നു. അവൻ തന്റെ ചുററുപാടുമുള്ള മനുഷ്യലോകത്തിലെ വ്യാപാരങ്ങളെ മാത്രമല്ല, ജന്തുലോകത്തിലെയും, സസ്യലോകത്തിലെയും, വ്യാപാരങ്ങളെ കൂടി സൂക്ഷ്മം നിരീക്ഷിക്കുന്നു. ലോകവുമായി എത്രത്തോളം അവൻ അടുത്തിടപെടുന്നുവോ അത്രത്തോളം അവൻ വാർത്താശേഖരണത്തിൽ വിജയം നേടുന്നു. റിപ്പോർട്ടറായിരുന്നുകൊണ്ട് താൻ റിപ്പോർട്ടർ എന്ന നിലയെ വിസ്മരിച്ചു മറെറാരാളായി ലോകത്തോട് പെരുമാറുകയോ ജനസമുദായത്തിൽനിന്നു പിൻമാറുകയോ ചെയ്യാൻപാടില്ല. അറപ്പും, അനിഷ്ടവും, വിമുഖതയും, കുസലും വെടിഞ്ഞു അവൻ ഏതു തരക്കാരനോടും സ്നേഹമര്യാദകളോടുകൂടി അടുത്തു പെരുമാറുവാൻ ചുണയുള്ളവനായിരിക്കണം. താൻ ഇടപെടുന്ന ഓരോ വ്യക്തിയുടെയും സ്നേഹബഹുമാനങ്ങളെയും മതിപ്പിനെയും ആർജ്ജിക്കാനുള്ള നയവൈദഗ്ദ്ധ്യം ഒരു റിപ്പോർട്ടറിൽ എപ്പോഴും ഉണ്ടായിരിക്കണം. പൊതുസ്ഥലങ്ങളും, തെരുവീഥികളും, ജോലിസ്ഥലങ്ങളും സ്വകാര്യസ്ഥാനങ്ങളും ഭവനങ്ങളും എല്ലാം ഒന്നുപോലെ അവനു പരിചിതമായിരിക്കണം. ഒരു പത്രറിപ്പോർട്ടറെ താഴെ കാണിക്കുന്ന ക്ലിപ്പിങ്ങിന്റെ ഒരു കാവ്യപ്രസ്താവനയോട് മി. ലാസൽ പരിചയപ്പെടുത്തുന്നു.

“എനിക്കു സത്യസന്ധന്മാരായ ആറു പരിചാരകന്മാരുണ്ട്. അവരുടെ പേരുകൾ എന്ത്, എവിടെ? എപ്പോൾ, എങ്ങനെ, എന്തുകൊണ്ട്, ആര് എന്നാകുന്നു.

മി. ലാസൽ ഒരു റിപ്പോർട്ടർക്കുപയുക്തമായി ആ പേരുകളെ മുറപ്രകാരം ഇങ്ങനെ ക്രമപ്പെടുത്തുന്നു. എന്ത്, ആര്, എവിടെ, എപ്പോൾ, എങ്ങനെ, എന്തുകൊണ്ട്, അതായതു്, എന്തു സംഭവിച്ചു? ആർക്കു സംഭവിച്ചു? എവിടെ എപ്പോൾ സംഭവിച്ചു? എന്തുകൊണ്ടു സംഭവിച്ചു?

ഇത്രയും കണ്ടുപിടിച്ചതുകൊണ്ടു റിപ്പോർട്ടർ വിജയപൂർണ്ണനാകുന്നില്ല. വാർത്തകൾ എവിടെ വളരുന്നുവെന്നും അവ എപ്പോൾ എങ്ങനെ ശേഖരിക്കപ്പെടാമെന്നും മുൻകൂട്ടി അറിയാനുള്ള ഒരു വാസനാവിശേഷം അവനിൽ ലയിച്ചിരിക്കണം. അതാണു് റിപ്പോർട്ടരുടെ കല. മേൽകാണിച്ച ഓരോ ചോദ്യത്തിനും ശരിയായ ഉത്തരം കിട്ടുവാൻ ഒരു റിപ്പോർട്ടർ പലരോടായി അനേകമനേകം ചോദ്യങ്ങൾ ചോദിക്കണം. തനിക്കു ലഭിച്ച ഒരു വാർത്തയുടെ സത്യം കണ്ടുപിടിക്കുവാൻ ഒരു റിപ്പോർട്ടർക്കു ഇങ്ങനെ അനേകമനേകം ചോദ്യങ്ങൾ ചോദിക്കേണ്ടിവരും.

വാർത്താശേഖരണം പൂർത്തിയായാൽ അവൻ അതിനെ രസാവഹമായും ആകർഷകമായും റിപ്പോർട്ട് ചെയ്‌വാനാണു് ശ്രമിക്കുക.

റിപ്പോർട്ടിൽ വാർത്തയുടെ സാരാംശത്തെ ഉൾക്കൊള്ളുന്ന ഒന്നാമത്തെ ഖണ്ഡികക്കു അല്ലെങ്കിൽ ഒന്നാമത്തെയും രണ്ടാമത്തെയും ഖണ്ഡികകൾക്കു ‘Lead’ എന്നാണു് പത്രഭാഷയിൽ സംജ്ഞനൽകപ്പെട്ടിരിക്കുന്നതു്. ലീഡ് കഴിഞ്ഞാൽ റിപ്പോർട്ടർ നൽകുന്നതു അതിന്റെ വിശദീകരണമാണു്. വായനക്കാരുടെ ശ്രദ്ധയേയും ഔത്സുക്യത്തേയും ഉൽക്കണ്ഠയേയും ഭംഗപ്പെടുത്തത്തക്ക വിധത്തിലായിരിക്കരുതു് റിപ്പോർട്ടിന്റെ തുടക്കം. ഈ സംഗതി ഓരോ ഖണ്ഡിക തുടങ്ങുമ്പോഴും പ്രത്യേകം ഓർമ്മിക്കണം. റിപ്പോർട്ടിന്റെ പ്രാരംഭവാചകത്തിൽ നിന്നുതന്നെ റിപ്പോർട്ടർക്കോ ന്യൂസ് എഡിറററർക്കോ തലക്കെട്ടു സൃഷ്ടിക്കാൻ കഴിയും.

നല്ലറിപ്പോർട്ട് ആലോചനയുമായി ഒരിക്കലും വേർപെട്ടിരിക്കയില്ല. ഏതു അവസരത്തിലും ഏതു പരിതഃസ്ഥിതിയിലും സത്യസന്ധതയും നിഷ്പക്ഷതയും പാലിക്കാൻ കഴിയുന്നവനേ മാതൃകായോഗ്യനായ ഒരു പത്രറിപ്പോർട്ടറായിരിക്കാൻ സാധിക്കയുള്ളൂ. വ്യക്തികൾക്കോ കക്ഷികൾക്കോ സ്ഥാപനങ്ങൾക്കോ സമുദായത്തിനോ അവൻ തന്റെ താല്പര്യങ്ങളെയും ആദർശങ്ങളെയും ബലികഴിക്കരുതു്. പത്രറിപ്പോർട്ടർ സത്യത്തിന്റെ സാക്ഷിയാണു്. അവൻ തന്റെ വായനക്കാരുടെ കാഴ്ചയും കേൾവിയും അറിവുമാണെന്ന ദൃഢവിശ്വാസത്തോടുവേണം പ്രവർത്തിക്കുവാൻ.

പത്രറിപ്പോർട്ടരുടെ ഭാഷ ഏററവും ലളിതവും വൈയാകരണദോഷങ്ങളിൽ നിന്നു സ്വാതന്ത്ര്യവും ആയിരിക്കണം. ഏററവും യോഗ്യനായ ഒരു പത്രറിപ്പോർട്ടർ ഏററവും ശുദ്ധമായ ഭാഷയാണു പ്രയോഗിക്കുന്നതു്.

മേൽ പറയപ്പെട്ട കാര്യങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ വൃത്താന്തപത്രങ്ങളിലെ സ്വ. ലേ മാരുടേയും ഓ. ലേ. മാരുടേയും കഥ എന്താണെന്നു് ആലോചിക്കുക.

---

(172-ാം പേജിൽനിന്നും തുടർച്ച)

മഹത്തരം വ്യവസായിച്ചുവോ; ആ വന്ദ്യദേഹത്തിൽനിന്നു് അനസ്യൂതമായി നിർഗ്ഗമിച്ച വായുപിണ്ഡം ഇന്നും കേരളഭൂമിയിൽ സമ്പൂർണ്ണം വ്യാപിച്ചു; അസമത്വവും അന്ധവിശ്വാസവും അക്രമവും അനീതിയും മതാഭാസങ്ങളും കാണുന്ന ഏതൊരു കേരളീയന്റെയും ഹൃദയത്തിൽ കോളിളക്കവും കൊടുങ്കാററും ഉണ്ടാകുവാൻ പര്യാപ്തമായി വിഹരിക്കുന്നു; പര്യാപ്തമാകണം— പര്യാപ്തമാക്കുകതന്നെവേണം. എന്നാൽ അങ്ങിനെ ഒരാചാര്യൻ ജനിച്ചിരുന്നുവെന്നും നാം ആ മഹാന്റെ പ്രതിച്ഛായയിൽ സഞ്ചരിച്ചിരുന്നുവെന്നും, നമ്മൾ വിവേകവും കരണങ്ങളുമുള്ള ജീവികൾതന്നെയാണെന്നും സ്വയം ലോകസമക്ഷം തെളിയിച്ചു കഴിഞ്ഞു.

# "വീണപൂവി"ന്റെ ജനനകാലം.

### മഹാകവി ആശാൻതന്നെ പറയുന്നത്.

(പണ്ഡിതർ- ഇ. വി. രാമൻനമ്പൂതിരി, വിദ്യാരത്നം-സാഹിത്യാലങ്കാർ)

മഹാകവി കുമാരനാശാന്റെ ഒരു പ്രധാന കൃതിയായ 'വീണപൂവ്' എന്നാണ് എഴുതപ്പെട്ടതെന്ന് ഈയിടെ ചിലർ ചർച്ച ചെയ്യാനിടയായല്ലോ. അതിൽ, അസന്നിഗ്ദ്ധവും അന്തിമവുമായ തെളിവൊന്നും വെളിപ്പെട്ടതായിക്കണ്ടില്ല. ൧൦൮൪-ാമാണ്ടിലാണ് അതെഴുതപ്പെട്ടതെന്ന് ഒരു മാന്യൻ, ആശാൻ ജീവിച്ചിരിക്കെത്തന്നെ എഴുതിയ ഒരു ജീവചരിത്രക്കുറിപ്പിൽ പറഞ്ഞിരുന്നതു്. മുന്നൊരു ലേഖനത്തിൽ ഞാൻ ഉദ്ധരിച്ചിരുന്നുവല്ലോ. കൂടുതൽ ഗവേഷണം ചെയ്യവേ, ഈ വിഷയത്തിൽ അസന്നിഗ്ദ്ധവും അന്തിമവും, അവസാനത്തേതുമായ പ്രമാണം കണ്ടുകിട്ടിയിട്ടുണ്ട്. ആ പ്രമാണം ശ്രീ ആശാന്റെതന്നെ വചനമാണ്. അതു കൂടി ഈ പംക്തിയിൽത്തന്നെ ഉദ്ധരിച്ച്; ഈ വിഷയത്തിനു പൂർണ്ണവിരാമം നല്കാമെന്നു വിചാരിക്കുന്നു.

൧൦൯൦-ാമാണ്ടു കർക്കടകമാസത്തിൽ "വീണപൂവും" "സിംഹപ്രസവ"വും ചേർത്തു; "രണ്ടു ഖണ്ഡകൃതികൾ" എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകത്തിന്, ശ്രീ. ആശാൻതന്നെ എഴുതിച്ചേർത്ത 'മുഖവുര'യിൽ, "വീണപൂവിന്റെ പ്രണയനത്തെയും പ്രചരണത്തെയുംപറ്റി ഇപ്രകാരം പറഞ്ഞുകാണുന്നു:— "...... വീണപൂവ്, ൧൦൮൩—വൃശ്ചികത്തിൽ സംഗതിവശാൽ ഏതാനും ദിവസം ഞാൻ പാലക്കാട്ടു താമസിച്ചിരുന്നപ്പോൾ എഴുതിയതാണ്. അടുത്ത ധനുമാസത്തിൽത്തന്നെ മൂർക്കോത്തുകുമാരനവർകൾ തന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന "മിതവാദി"യിൽ എന്റെ സമ്മതപ്രകാരം അതിനെ പ്രസിദ്ധീകരിച്ചിരുന്നു. ഉദ്ദേശം ഒരു സംവത്സരം കഴിഞ്ഞു്, ശ്രീ. സി. എസ്. സുബ്രഹ്മണ്യൻപോറ്റി എം. ഏ. അവർകൾ അതിനെ പകർത്തി, ഒരു സ്വന്തമുഖവുരയോടുകൂടി 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തി. അതിനുശേഷം, കവിസാർവ്വഭൗമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അതിനെ അവിടുന്നു പ്രസിദ്ധപ്പെടുത്തിയ 'പദ്യപാഠാവലി'യിലേയ്ക്കു തിരഞ്ഞെടുത്തിരുന്നു. ആ പതിപ്പുകളിൽ, ആദ്യമേ കടന്നുകൂടിയ അച്ചടിപ്പിഴകളെ തുടന്നും, മറ്റു പ്രകാരത്തിലും ചില സ്ഖലിതങ്ങളും ന്യൂനതകളും ഉണ്ടായിരുന്നതെല്ലാം ഈ സ്വന്തപ്രസിദ്ധീകരണത്തിൽ ഞാൻ ദൃഷ്ടിവച്ച് തിരുത്തുകയും നന്നാക്കുകയും ചെയ്തിരിക്കുന്നു."

ഇതിലധികം പ്രാമാണ്യമുള്ള ഒരു രേഖ ഈക്കാര്യത്തിൽ കിട്ടുവാനുംകിട്ടേണ്ടതുമില്ലല്ലോ; ൧൦൮൩-ലാണു 'വീണപൂവ്' ജനിച്ചതും, പ്രസിദ്ധീകരിക്കപ്പെട്ടതും. ൮൪-ൽ, പുനർമ്മുദ്രണംനേടി; അനന്തരം പരമമായ പ്രചരണവും. ഒടുവിൽ തൊണ്ണൂറാമാണ്ട്, സംശോധിതമായ പതിപ്പും പുറപ്പെട്ടു. ഇനിയിക്കാര്യത്തിൽ ഒരാശങ്കയ്ക്കും അവകാശമില്ലെന്നും വിശ്വസിക്കാം. അപ്പോൾ ആശാൻ ജീവിച്ചിരിക്കെത്തന്നെ ജീവചരിത്രക്കുറിപ്പെഴുതിയ മാന്യൻ ൧൦൮൪—ൽ 'വീണപൂവ്' എഴുതപ്പെട്ടു എന്ന് പറഞ്ഞുപോയതെങ്ങനെ? ഭാഷാപോഷിണി പ്രസിദ്ധീകരണം പ്രഥമപ്രകാശനമാണെന്നോ മറ്റോ തെറ്റിദ്ധരിച്ചായിരിക്കാം; ഏതായാലും ആശാന്റെ വചനത്തേക്കാൾ പ്രാമാണ്യം ഈക്കാര്യത്തിൽ ആരു പറയുന്നതിനുമില്ലല്ലോ:

ഇത്തരത്തിൽ; മുപ്പത്തഞ്ചാമത്തെ വയസ്സിലാണ് ആശാൻ വീണപൂവെഴുതിയതെന്നും സിദ്ധിക്കുന്നു. ൧൦൪൮-മേടത്തിലാണ് ആശാന്റെ ജനനമെന്ന പ്രസ്താവന തിരസ്കാര്യമായിത്തീർന്നിട്ടുമില്ലല്ലോ. ഇങ്ങനെയെല്ലാം മംഗളമായി!


## മദനൻ

അതിയായ ക്ഷീണം, ഉത്സാഹക്കുറവ്, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവ് ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 6 വയസ്സിനു മേലുള്ള സ്ത്രീ പുരുഷന്മാർക്കും ഉപയോഗിക്കാം. വിശേഷ പഥ്യങ്ങളും ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് 2 ക. മാത്രം.

ക്ഷയം, ഭ്രാന്ത്, അപസ്മാരം കാസം, മുതലായവയ്ക്കു് പ്രത്യേകം ചികിത്സ ചെയ്യുന്നതാണ്.

ശ്രീമദ് രാമാനന്ദസ്വാമികൾ, സിദ്ധവൈദ്യാശ്രമം.

ബ്രാഞ്ചു് ബാനർജിറോഡ്, എറണാകുളം.

H. O. Trichur.

# ബ്രഹ്മമഹാവിദ്യാലയം.

Sadhu Sivaprasad.

മതങ്ങളുടെ താരതമ്യപഠനത്തിനുവേണ്ടിയാണെല്ലോ ശിവഗിരിയിൽ ഒരു ബ്രഹ്മ മഹാവിദ്യാലയം പണിയിക്കുവാൻ ശ്രീനാരായണ ഗുരുദേവൻ ആഗ്രഹിച്ചിട്ടുള്ളതു്. പലമത സാരവുമേകം; മതം ഏതായാലും മനുഷ്യൻ നന്നായാൽമതി എന്നെല്ലാം ഗുരുദേവൻ അവസരോക്തികളായി പലപ്പോഴും അരുളിചെയ്തിട്ടുള്ളവയെ ജനങ്ങൾ മുറുകെ പിടിച്ചിട്ടുണ്ടു്. എന്നാൽ ഏതവസരത്തിൽ എന്തിനു ഗുരുദേവൻ ഇപ്രകാരം ഉച്ചരിച്ചു എന്നുള്ള സംഗതി മിക്കപ്പോഴും ജനങ്ങൾ വിസ്മരിച്ചുപോയിട്ടുമുണ്ടു്. അവക്കു അതുസാദ്ധ്യവുമല്ലെല്ലൊ? പലമതസാരവുമേകം എന്നരുളിച്ചെയ്തതു് ലോകത്തിലുള്ള മതസ്ഥന്മാരുടെ അടിപിടികൾ കണ്ടും അവർ മതവാദകോലാഹലങ്ങൾ നടത്തി അഹമഹമികയാ തൻെറ തൻെറ മതങ്ങൾ ലോകത്തിൽ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നതുകണ്ടും തത്വചിന്തകനായ സ്വാമികൾ അവക്കൊരു സമാധാനമുണ്ടാക്കുവാൻ വേണ്ടിയാകുന്നു. ‘മതം ഏതായാലും മനുഷ്യൻ നന്നായാൽമതി’ എന്നതിരുമൊഴി.’ ചിലർ ഹിന്ദുമതംവിട്ടു അന്യമതം ചേരണമെന്നു ബഹളംകൂട്ടിയ അവസരത്തിൽ പറഞ്ഞതാണു് — ‘അവനവൻ ഏതു മതത്തിലൊ മതംവിശ്വസിക്കുന്ന സമുദായത്തിലൊ ഇരുന്നാലും അന്യമതത്തിലേക്കു് പരിവത്തനം ചെയ്യേണ്ട ആവശ്യമില്ല’ എല്ലാമതങ്ങളിലുമുള്ള ആഭ്യന്തരസത്യങ്ങൾ ഏറക്കറെ ഒന്നായിരിക്കും. ദേശകാലസ്ഥിതിക്കൊത്തവണ്ണംബാഹ്യവിഷയങ്ങളിലും കർമ്മവിധാനങ്ങളിലും ചില വ്യത്യാസങ്ങളെല്ലാമുണ്ടാകുന്നതു് സ്വാഭാവികമാണു്. മനുഷ്യൻനന്നാകുന്നതിനു ഏതു സ്ഥലത്തിരുന്നാലും ഏതു മതം ആചരിച്ചാലും വിരോധമില്ലെന്നാണു് സ്വാമികളുടെ സിദ്ധാന്തം. അതുകൊണ്ടു് മതങ്ങളുടെ താരതമ്യപഠനംസ്കൂളുകളിൽ നടപ്പാകാത്ത കാലത്തോളം ശിവഗിരിയെപ്പോലുള്ള ധർമ്മസ്ഥാപനങ്ങളിൽവെച്ചെങ്കിലും മനുഷ്യക്കു ഈ സമരസജ്ഞാനം ഉണ്ടാക്കികൊടുക്കേണ്ടതു് എത്രയും അത്യാവശ്യകമാണു്. ബ്രഹ്മ വിദ്യാത്ഥികളായി ഭൂമുഖത്തിൽവളരെപേരുണ്ടു്. അവരെല്ലാം (Theosophical Society) യുടെ (ബ്രഹ്മവിദ്യാസംഘത്തിൻെറ) അംഗങ്ങളാകുന്നു- മാഡം ബ്ലാവറസ്കി എന്നും കൎണൽ ഓൾക്കോട്ടഎന്നും പ്രഖ്യാതിനേടിയ റഷ്യൻ വനിതയും അമേരിക്കക്കാരൻ സായ്പുമാണു് ശ്രീ ദയാനന്ദ സരസ്വതി സ്വാമികളുമായി ആദ്യം സംബന്ധിച്ചതു് സ്വാമികളുടെ കീർത്തിധാവള്യമാണു് അവർരണ്ടുപേരേയും ഇങ്ങോട്ടുക്ഷണിച്ചതു്. അമേരിക്കയിൽ ആര്യസമാജം സ്ഥാപിക്കേണ്ടു വിഷയത്തിൽ അവർ സ്വാമികളുമായി പല എഴുത്തുകുത്തുകളും ചെയ്തു. പക്ഷേ മുഖദാവിൽ കണ്ടപ്പോൾ സ്വാമികളുമായി അഭിപ്രായങ്ങളിൽ യോജിക്കുവാൻ അവക്കു സാധിച്ചില്ല അങ്ങിനെ സ്വാമികൾ ആര്യസമാജം സ്ഥാപിക്കയും ഇവർ രണ്ടുപേരും (ബ്രഹ്മവിദ്യാസംഘം)(Theosophical Society) എന്നപേരിൽ സവ്വമത സമ്മേളനരൂപമായ ഒരു സംഘം സ്ഥാപിക്കയും ചെയ്തു. വിശ്വ വിഖ്യാതയായ ആനിബസൻറ് മാതാവു് (Mrs. Anni Besant) ഈ സംഘത്തിൽ ഒരു പ്രസിദ്ധനേതാവായിരുന്നു. അവർ പ്രസിഡണ്ടായിരുന്ന കാലഘട്ടമത്രയും ബ്രഹ്മവിദ്യാസംഘം ഇന്ത്യയിൽ ഒരു പ്രബുദ്ധസംഘമായിരുന്നു. ഇപ്പൊഴും അഡയാറിൽ അവർ ആരംഭിച്ച ആ മനോഹര സ്ഥാപനം വിശ്വംമുഴുവനുമുള്ള വിദ്വാന്മാരെയുംമഹാത്മാക്കളേയും ഹഠാൽ ആകർഷിച്ചുകൊണ്ടുതന്നെ പ്രകാശിക്കുന്നു. ബ്രഹ്മശ്രീ ജസ്റ്റിസ്സ് സദാശിവയ്യർ അവർകൾ ഈ സംഘത്തിലെ ഒരു പ്രാദേശിക സിക്രട്ടറിയും പ്രസിദ്ധ ശാന്തി പ്രസ്ഥാന നേതാവുമായിരുന്നു. ഇദ്ദേഹത്തിനുസ്വാമികളിലുംസ്വാമികൾക്കു് ഇദ്ദേഹത്തിലുംവളരെ ബഹുമാനാദരങ്ങളുണ്ടായിരുന്നു. ആലുവായിൽ സ്വാമികൾ നടത്തിയ സവ്വമത സമ്മേളനത്തിനു അദ്ധ്യക്ഷസ്ഥാനം ഈ ഉത്തമബ്രാഹ്മണനാണു് വഹിച്ചിരുന്നതു്. ശ്രീനാരായണ ഗുരുദേവൻെറ ബ്രഹ്മവിദ്യാമന്ദിരവും അഡയാറിലെ ബ്രഹ്മവിദ്യാസംഘവും തമ്മിൽ ഇതേവരെ ഒരു ബന്ധവുമില്ലെങ്കിലും സ്വാമികളുടെ സമാധിസ്ഥലത്തു് ഈ മാതിരി ഒരു സ്ഥാപനം ഉയരുന്നതു് എന്തുകൊണ്ടും ആശാസ്യമായിട്ടുള്ളതു തന്നെ. ബ്രഹ്മ മഹാവിദ്യാലയത്തിനു ഞങ്ങൾ സവ്വവിധ ഭാവുകങ്ങളും ആശംസിക്കയും അതിനുവേണ്ടി പ്രയത്നിക്കുന്ന മഹാനുഭാവന്മാരെ അനുമോദിക്കയും ചെയ്തുകൊള്ളുന്നു.


## യുദ്ധകാഹളം

[MARCHING SONGS]

ഗ്രന്ഥകർത്താ, എം. പി. അപ്പൻ എം. എ., എൽ. റ്റി.

ദേശാഭിമാനോജ്ജ്വലങ്ങളും വീരരസപ്രധാനങ്ങളും ആയ വീരകേരളം, ഭാരതഗീതം തുടങ്ങിയ കവിതകളുടെ സമുച്ചയം. സ്കൗട്ട്സംഘങ്ങളേയും, ഭടന്മാരെയും; സഹൃദയന്മാരേയും ഒരുപോലെ ആകർഷിക്കുന്ന ഒരു നവീന കൃതി. വിലകൂടിയ വെള്ളക്കടലാസിൽ അച്ചടിച്ചു് അതിമനോഹരമായി ബയൻറു് ചെയ്തിട്ടുള്ളതു്.

വില അണ 8.

ആവശ്യപ്പെടുക:— റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം
പീപ്പിൾസ് ബുക്ക് സ്റ്റാൾ, തിരുവനന്തപുരം, കോട്ടയം,
ആലപ്പുഴ, എറണാകുളം, കോഴിക്കോട്.
അലൈഡ് ഏജൻസീസ് കൊല്ലം.

Reg. No. T 26 License No. 363/37

# THE NAVAJEEVAN

*One Caste One Religion One God for Humanity*

Sivagiri Varkala, 12th May 1945

## മിനുന്നതെല്ലാം പൊന്നല്ല.

ക്ഷയം, കാസം, ഏങ്ങൽ, വാതരോഗങ്ങൾ എന്നിവയെ സവിശേഷം ശമിപ്പിക്കുവാനും,
ശരീരപുഷ്ടിയും ശക്തിയും കൈവരുത്തുവാനും അനുപമമായ സിദ്ധൌഷധമെന്നു ഞങ്ങളുടെ

## കരിംകുരങ്ങുരസായനം

സുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ അതുല്യഫലസിദ്ധിയും പ്രചാരപ്രവാഹവും
നിമിത്തം, "കരിംകുരങ്ങു" എന്ന പേരുകളിൽ അനവധി അനുകരണങ്ങൾ അടുത്തുണ്ടായിട്ടുണ്ട് [illegible]
അനുകരണങ്ങളിൽ വഞ്ചിതരാകാതെ സൂക്ഷിക്കുവിൻ! മിനുന്നതെല്ലാം പൊന്നല്ല. കാചവും കാ
ഞ്ചനവും തിരിച്ചറിയുവിൻ! യൌവ്വനത്തെ നിലനിറുത്തുവാനും, പ്രസവരക്ഷയ്ക്കും ഇതിൽപരം
ഔഷധമില്ല.

പാക്കിംങ്ങും പോസ്റ്റേജും വേറെ.

ആവശ്യപ്പെടുവിൻ! **സ്വതന്ത്രഫാർമസി** റാത്തൽ ഒന്നിന് 5 ക. മാത്രം.

ചാലക്കുടി, കൊച്ചിൻസ്റ്റേറ്റ്.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ (പോലീസ് സ്റ്റേഷനു സമീപം) 2. കൊടകര 3. എറണാകുളം

നിങ്ങളുടെ ആരോഗ്യം സൂക്ഷിക്കണമെങ്കിൽ അഥവാ, താരുണ്യത്തെ
നിലനിർത്തണമെങ്കിൽ ഞങ്ങളുടെ

## * അരവിന്ദരസായനം *

വാങ്ങി ഉപയോഗിക്കുവിൻ.

ഇതു പതക്കരളിലും ഏടയത്തിലുമുണ്ടാകുന്ന രോഗങ്ങളെ (ചോര തുപ്പൽ, കാസം, ക്ഷയം)
അതിവേഗത്തിൽ പരിഹരിക്കുന്നു. കൂടാതെ രക്തസമ്മർദ്ദം, ശ്വാസംമുട്ടൽ, മൂത്രദോഷങ്ങൾ,
ഉദരവ്യാധികൾ, അർശ്ശസ്, വിളർച്ച, അസ്ഥിസ്രാവം, തജ്ജന്യമായ വയറുകത്തൽ, തലച്ചു
റ്റൽ, ശരീരം തളർച്ച എന്നീ വികാരങ്ങളെ നിശ്ശേഷം ഇല്ലായ്മചെയ്ത് ആയുസ്സിനു ദൈർഘ്യ
വും ശരീ[illegible]ത്തിനു ആരോഗ്യവും തലച്ചോറിനു കുളുർമ്മയും നൽകുന്നു.

പാക്കിംഗ് പാസ്റേജ് വേറെ. റാത്തൽ ഒന്നിനു 4 രൂപാ മാത്രം.

വൈദ്യൻ, പി. ദാമോദരൻ, വൈദ്യകലാനിധി,

ആതുരസംരക്ഷിണി ആര്യവൈദ്യശാല, ചാത്തന്നൂർ A. D. & P. O.

## കുഷ്ഠരോഗം

തീരാവ്യാധിയെന്നു തീർച്ചപ്പെടുത്തി വരുന്ന എത്ര പ
ഴയ കുഷ്ഠരോഗവും, രക്തദുഷ്യംമൂലമുള്ള സർവ്വവിധ ത്വക്
രോഗങ്ങളും ക്ലിപ്തകാലാവധിക്കകം പൂർണ്ണമായും ചികിത്സിച്ചു സുഖപ്പെടുത്തുന്നതാണ്. കൂടു
തൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക.

പി. കെ. നാണുവൈദ്യൻ,

ട. ൯. ൭. ആയുർവേദഫാർമസി, ചങ്ങനാശ്ശേരി.

Edited & Printed by Swami Sri Narayana Theerthar at the C. M. PRESS, EDAVA
and Published at Sivagiri, Varkala, Travancore.